# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/ GP3-579/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 22/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/ GP3-579/2022 തീയ്യതി: 22/06/2022

# തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ശ്രീജ. കെ | ഡെപ്യൂട്ടി ഡയറക്ടർ | 08-03-2022 | 16-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-03-2022 | 16-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശോശാമ്മ എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി ബിന്ദുലത ബി പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രാജു എസ്, ഓഡിറ്റർ
ശ്രീ. രഞ്ജിത്ത്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശ്രീകല ആർ എസ് | പ്രസിഡന്റ് | 01-04-2020 | 29-12-2020 |
| ശ്രീ. ശ്രീകുമാർ ആർ എസ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. അപ്സരകുമാർ വി കെ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. വിജയ സി എൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി. രശ്മി കെ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സ്വപ്ന ആർ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ. ഇന്ദു ലേഖ വി എം | വെറ്റിനറി സർജൻ | 01-04-2020 | 02-08-2020 |
| ഡോ. ആശ വിജയൻ | വെറ്റിനറി സർജൻ | 03-08-2020 | 31-03-2021 |
| ശ്രീ. സനൽകുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ഡോ.വഷിത ഗുണസെൽവി | മെഡിക്കൽ ഓഫീസർ സി എച്ച് സി | 01-04-2020 | 08-03-2021 |
| ഡോ.ജവഹർ | മെഡിക്കൽ ഓഫീസർ സി എച്ച് സി | 09-03-2021 | 31-03-2021 |
| ഡോ. ഫാത്തീമബീവി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.സബിത | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീ, പ്രകാശ് ക്രിസ്റ്റ്യൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഷീബ വി ആർ | എച്ച് എം | 01-04-2020 | 31-05-2020 |
| ശ്രീ. ജോയ് കെ എം | എച്ച് എം | 01-06-2020 | 31-03-2021 |
| ശ്രീമതി വിദ്യാറാണി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 03-11-2020 | 31-03-2021 |
| ശ്രീമതി ലീന ആന്റണി | വി ഇ ഒ സർക്കിൾ നോർത്ത് | 01-04-2020 | 08-09-2020 |
| ശ്രീമതി അനുശ്രീ വി | വി ഇ ഒ സർക്കിൾ നോർത്ത് | 09-09-2020 | 12-01-2021 |
| ശ്രുമതി. സൌമ്യ യു കെ | വി ഇ ഒ സർക്കിൾ | 13-01-2021 | 31-03-2021 |

| | | | |
|---|---|---|---|
| | നോർത്ത് | | |
| ശ്രീമതി സന്ധ്യ ബാബു | വി ഇ ഒ സർക്കിൾ ഈസ്റ്റ് | 01-04-2020 | 31-05-2020 |
| ശ്രീമതി ജയമോൾ | വി ഇ ഒ സർക്കിൾ ഈസ്റ്റ് | 01-06-2020 | 31-12-2020 |
| ശ്രീമതി അനശ്രീ വി | വി ഇ ഒ സർക്കിൾ ഈസ്റ്റ് | 01-01-2021 | 31-03-2021 |
| ശ്രീമതി ലീന ആന്റണി | വി ഇ ഒ സർക്കിൾ വെസ്റ്റ് | 01-04-2020 | 30-05-2020 |
| ശ്രുമതി അനശ്രീ വി | വി ഇ ഒ വെസ്റ്റ് സർക്കിൾ | 01-06-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Raju. S (Auditor, On 01-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Raju. S (Auditor, On 31-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 13-06-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ<br>Written By: Raju. S (Auditor, On 31-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 13-06-2022) | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Raju. S (Auditor, On 30-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 1-3 |
| 5 | പദ്ധതി അവലോകനം<br>Written By: Sosamma.S (Audit Officer, On 29-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 1-4 |
| 6 | സാമൂഹ്യ സുരക്ഷാ പെൻഷൻ<br>Written By: Renjith C (Auditor, On 30-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 1-5 |
| 7 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു<br>Written By: Renjith C (Auditor, On 28-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-5-1 |
| 8 | ക്യാഷ് പരിശോധന<br>Written By: Renjith C (Auditor, On 25-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 13-06-2022) | 1-6 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sosamma.S (Audit Officer, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 13-06-2022) | 1-7 |
| 10 | മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Sosamma.S (Audit Officer, On 29-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-8 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sosamma.S (Audit Officer, On 29-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 13-06-2022) | 1-9 |
| 12 | ടെണ്ടർ ഫീ ഈടാക്കിയില്ല<br>Written By: BINDHULATHA BP (Senior Grade Auditor, On 18-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 13-06-2022) | 1-10 |
| 13 | ലേല തുകയ്ക്ക് അനുസൃതമായി GST ഈടാക്കുന്നില്ല<br>Written By: Renjith C (Auditor, On 25-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-11 |
| 14 | റേഷൻ കടകൾ തൊഴിൽ നികുതി ഒടുക്കാതെയും ലൈസൻസ് എടുക്കാതെയും പ്രവർത്തിക്കുന്നു<br>Written By: Renjith C (Auditor, On 28-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 13-06-2022) | 1-12 |
| 15 | തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകതകൾ<br>Written By: Renjith C (Auditor, On 29-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 13-06-2022) | 1-13 |
| 16 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Renjith C (Auditor, On 29-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 13-06-2022) | 1-13-1 |

| | | |
|---|---|---|
| 17 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Renjith C (Auditor, On 29-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 13-06-2022) | 1-13-2 |
| 18 | വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Renjith C (Auditor, On 29-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 13-06-2022) | 1-14 |
| 19 | കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് വഴി നികുതി നഷ്ടം<br>Written By: Renjith C (Auditor, On 29-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 1-14-1 |
| 20 | മൊബൈൽ ഫോൺ ടവറുകളിൽ നിന്നും നികുതി ഇനത്തിൽ 105070 രൂപയുടെ കുടിശ്ശിക<br>Written By: Renjith C (Auditor, On 29-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 13-06-2022) | 1-14-2 |
| 21 | കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഗ്രാമപഞ്ചായത്ത് ഒടുക്കുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 18-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 13-06-2022) | 1-15 |
| 22 | യാത്രാബത്ത സമയബന്ധിതമായി അനുവദിച്ചില്ല<br>Written By: BINDHULATHA BP (Senior Grade Auditor, On 18-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 13-06-2022) | 1-16 |
| 23 | പദ്ധതി തുക ദീർഘനാൾ ഗ്രാമപഞ്ചായത്തിന്റെ തനതു അക്കൗണ്ടിൽ സൂക്ഷിച്ചു<br>Written By: BINDHULATHA BP (Senior Grade Auditor, On 18-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 13-06-2022) | 1-17 |
| 24 | രോഗികൾക്ക് ബെഡ്ഷീറ്റ് വാങ്ങിയതിന്റെ ചെലവ് രേഖകൾ അപൂർണം, 50000 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Renjith C (Auditor, On 28-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 13-06-2022) | 1-18 |
| 25 | സ്റ്റോക്ക് രജിസ്റ്ററിൽ മരുന്നുകളുടെ രേഖപ്പെടുത്തൽ കൃത്യമല്ല<br>Written By: Renjith C (Auditor, On 28-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 13-06-2022) | 1-19 |
| 26 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായി കാണപ്പെട്ട അപാകതകൾ<br>Written By: Sosamma.S (Audit Officer, On 29-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 13-06-2022) | 1-20 |
| 27 | വലിയവിള നടപ്പാത കോൺക്രീറ്റ് - കരാറ്കാരന് അധികം തുക നൽകി - 9455/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sosamma.S (Audit Officer, On 29-03-2022)<br>Last Updated By: K Sreeja (Deputy Director, On 22-06-2022) | 1-21 |
| 28 | അസറ്റ് മാനേജ്മെന്റ് - സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: Sosamma.S (Audit Officer, On 29-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 1-22 |
| 29 | ആസ്തി രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ല.<br>Written By: BINDHULATHA BP (Senior Grade Auditor, On 18-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 13-06-2022) | 1-23 |
| 30 | നിക്ഷേപ പ്രവൃത്തികൾ പൂർത്തിയായതിനുള്ള രേഖകൾ ലഭ്യമായില്ല – 521299/- രൂപ തടസ്സം ചെയ്യുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 18-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 13-06-2022) | 1-24 |
| 31 | വാട്ടർ അതോറിറ്റി മുഖാന്തിരമുള്ള നിക്ഷേപ പ്രവൃത്തി പൂർത്തിയായില്ല – 45600/- രൂപ തടസ്സം ചെയ്യുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 18-03-2022) | 1-25 |

| | | |
|---|---|---|
| | Last Updated By: Sreelatha Devi N (Computer Assistant, On 13-06-2022) | |
| 32 | നിക്ഷേപ പ്രവൃത്തിക്കായി മുൻകൂർ അനുവദിച്ചതിലെ നീക്കിയിരുപ്പ് തുക തിരികെ ലഭ്യമായില്ല<br>Written By: BINDHULATHA BP (Senior Grade Auditor, On 18-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 13-06-2022) | 1-26 |
| 33 | മുൻ വർഷങ്ങളിൽ നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയിരുന്ന തുകയിലെ നീക്കിയിരുപ്പ് തിരികെ ലഭ്യമാക്കിയിട്ടില്ല<br>Written By: BINDHULATHA BP (Senior Grade Auditor, On 18-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 1-27 |
| 34 | വിനിയോഗ രേഖകൾ ലഭ്യമായില്ല – 2879466/- രൂപ തടസ്സം ചെയ്യുന്നു<br>Written By: BINDHULATHA BP (Senior Grade Auditor, On 18-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 13-06-2022) | 1-28 |
| 35 | തെരുവ് വിളക്ക ഉപകരണങ്ങൾ വാങ്ങൽ നടപടികളിലെ അപാകങ്ങൾ - 38050/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു, 72900/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 18-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 13-06-2022) | 1-29 |
| 36 | വീട് വാസയോഗ്യമാക്കൽ (എസ്.സി.പി.)അധികതുക നൽകി- 50000/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Raju. S (Auditor, On 28-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-30 |
| 37 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.500000/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Raju. S (Auditor, On 28-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-31 |
| 38 | കുടിവെള്ള ഗാർഹിക കണക്ഷൻ (ജനറൽ).വരുമാനപരിധി ഉറപ്പ് വരുത്താതെ തുക നൽകി-5000/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Raju. S (Auditor, On 28-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 1-32 |
| 39 | രേഖകളുടെ അഭാവത്തിലും ധനസഹായം അനുവദിച്ചു -നിർവഹണോദ്യോഗസ്ഥൻ ജാഗ്രത പുലർത്തേണ്ടതാണ്<br>Written By: Raju. S (Auditor, On 30-03-2022)<br>Last Updated By: K Sreeja (Deputy Director, On 22-06-2022) | 1-33 |
| 40 | അഡ്വാൻസ് തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.<br>Written By: Raju. S (Auditor, On 31-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 13-06-2022) | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | തെരുവ് വിളക്ക ഉപകരണങ്ങൾ വാങ്ങൽ നടപടികളിലെ അപാകങ്ങൾ - 38050/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു, 72900/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 18-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.(എ.എഫ്.എസ് പ്രകാരം)<br>Written By: Raju. S (Auditor, On 04-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 18-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sosamma.S (Audit Officer, On 29-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 4-3 |
| 4 | വായ്പാ വായ്പാ തിരിച്ചടവ്<br>Written By: Raju. S (Auditor, On 04-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Sosamma.S (Audit Officer, On 29-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sosamma.S (Audit Officer, On 29-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sosamma.S (Audit Officer, On 29-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Sosamma.S (Audit Officer, On 29-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Raju. S (Auditor, On 04-04-2022)<br>Last Updated By: K Sreeja (Deputy Director, On 22-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Raju. S (Auditor, On 01-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

വെങ്ങാനൂർ ഗ്രാമഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 27.03.2020-ൽ കൂടിയ ജനറൽ കമ്മിറ്റി സാധാരണയോഗം 1(1)-ാം നമ്പർ തീരുമാനപ്രകാരം അഗീകരിച്ചു. 18.03.2021-ൽ കൂടിയ ജനറൽ കമ്മിറ്റി റിവൈസ്ഡ് ബജറ്റ് പാസാക്കി.

റിവൈസ്ഡ് ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് - ചെലവുകൾ ചുവടെപ്പറയും പ്രകാരമാണ്.

| | |
|---|---|
| പ്രതീക്ഷിത വരവ് മുന്നിരിപ്പ് ഉൾപ്പടെ | 329147168 |
| ആകെ | 329147168 |
| പ്രതീക്ഷിത ചെലവ് | 327504259 |
| നീക്കിയിരിപ്പ് | 1642909 |

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2021 | 05.05.2021 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ

1. 2020-21വർഷത്തെ എ.എഫ്.എസ് പ്രകാരം തൊഴിൽ നികുതി (എംപ്ലോയിസ്) വരവ് -1220290/- രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം അരിയർ ഡിമാന്റ് 131020/-രൂപയും കറന്റ് ഡിമാന്റ് 1114940/-രൂപയും ഉൾപ്പെടെ ആകെ 1245990/-രൂപയാണ്. എന്നാൽ ആകെ ഡിമാന്റ് എന്നും, കളക്ഷൻ അരിയർ ഇനത്തിൽ 131020/-രൂപയും കറന്റ് ഇനത്തിൽ 1089270/-രൂപയും ഉൾപ്പടെ ആകെ 1220290/-എന്നും ബാക്കി കറന്റ് ഇനത്തിൽ 25700/-രൂപയെന്നും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ 2020-21-ലെ എ.എഫ്.എസിൽ പ്രസ്തുത തുക B15-ൽ രേഖപ്പെടുത്തിയിട്ടില്ല. അരിയർ തുകയായിരുന്ന 131020/-രൂപ 2019-20വർഷത്തെ എ.എഫ്.എസിലെ B15- ലും ഉൾപ്പെടുത്തിയിരുന്നില്ല.

2. 2019-20 വർഷത്തെ AFS -ലെ B15പരിശോധിച്ചതിൽ ലൈസൻസ് നൽകൽ (ഫാക്ടറി- വ്യാപാര ലൈസൻസ്) ഇനത്തിൽ അരിയർ പൂജ്യം ആണ്.എന്നാൽ രജിസ്റ്റർ പ്രകാരം 37100/-രൂപയാണ്.ആയത് AFS -ലെ B15 -ൽ ചേർത്തിട്ടില്ല.ടി 37100/- രൂപ തെറ്റായി രേഖപ്പെടുത്തിയാണെന്നുള്ള മറുപടിയാണ് നൽകിയത്.

3. വസ്തുനികുതി -കളക്ഷൻ,ബാലൻസ് എന്നിവ എ.എഫ്.സ്- മായി പൊരുത്തപ്പെടുന്നില്ല.

| 2020-21-ലെ ഡിമാൻഡ് | 2020-21-ലെ കളക്ഷൻ | ബാലൻസ് | 2020-21-ലെ B-15പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 5023072/- | 3662545+9596 = 3672141. | 1350931/- | 1418477/- | 67546/-(+) |
| 2019-20 -ലെ B- 15പ്രകാരം അരിയർ | അരിയർ കളക്ഷൻ | | | |
| 2375740/- (റെഷ്യഡൻഷ്യൽ,നോൺ റെഷ്യഡൻഷ്യൽ) | 711869/- | 1663871/- | 1514010/- | 149861/-(-) |

4. 2019-20, 2020-21 -എന്നീ വർഷങ്ങളിലെ AFS-ലെ-B4-ൽ Joint Venture-Block Panchayath, District Panchayath -എന്നതിലെ തുകകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| 2019-20 | തുക | 20120-21 | തുക |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 569625/- | ബ്ലോക്ക് പഞ്ചായത്ത് | 2000000/- |
| ,, | 0 | ,, | 562137/- |
| ജില്ലാ പഞ്ചായത്ത് | 562800/- | ജില്ലാ പഞ്ചായത്ത് | 3231400/- |
| ,, | 0 | ,, | 562800 |

മേൽ വിവരിച്ച തുകകൾ ഏത് അക്കൌണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് ആരാഞ്ഞ് നൽകിയ അന്വേഷണകുറിപ്പ് 12/22-ന് നൽകിയ മറുപടിയിൽ ബാങ്ക് അക്കൌണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് അറിയിച്ചു. എന്നാൽ സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച മേൽ തുകകൾ ചെലവഴിക്കാത്തതിന്റെ കാരണം ഓഡിറ്റിനെ അറിയിച്ചിട്ടില്ല.

5. ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നവ.

| ഹെഡ് | ഗ്രാന്റ് ഇനം | വർഷം | തുക | ഗ്രാന്റ് ഇനം | വർഷം | തുക |
|---|---|---|---|---|---|---|
| 320100115 | Total Sanitation | 2019-20 | 306000 | Total Sanitation | 2020-21 | 306000 |
| 320100121 | ICDS | 2019-20 | 723844 | ICDS | 2020-21 | 908328/- |
| 320100204 | Grant For Specefic Purpose | 2019-20 | 8528 | Local Area D | 2020-21 | 8528/- |
| 320100299 | Other Grants | 2019-20 | 2571754 | Other Grants | 2020-21 | 3626912/- |
| 320200309 | Literacy Grant | 2019-20 | 12396 | Literacy Grant | 2020-21 | 12233/- |
| 320200322 | Suchithwa Mission | 2019-20 | 1494673 | Suchithwa Mission | 2020-21 | 4496639/- |
| 320300199 | Grant From 2019-20 | | 942161 | Grant From 2020-21 | | 932091 |

6. 2019-20,2020-21 വർഷങ്ങളിലെ B4-പ്രകാരം Beneficiary Contribution ഇനത്തിൽ 423000/- രൂപ ചെലവഴിക്കാതെ ബാക്കിനിൽക്കുന്നു. ആയതിന്റെ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

7. 2020-21വർഷത്തിലെ B-18-ൽ Avance To Others എന്ന ഇനത്തിൽ നിലനിൽക്കുന്ന 554122/-രൂപയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

8. 2019-20,2020-21എന്നീ വർഷങ്ങളിലെ B-18-ൽ Deposit With Ground Water Dept.എന്നതിൽ 90000/- നിലനിൽക്കുന്നു.ആയതിന്റെ വിശദവിവരം ലഭ്യമാക്കിയിട്ടില്ല.

9. B-14പ്രകാരം Stock-in-hand പൂജ്യമായി രേഖപ്പെടുത്തിയതിനുള്ള വിശദീകരണം ലഭ്യമാക്കിയില്ല.

10. 2019-20 വർഷത്തെ B-7-ൽ Other Deposit ഇനത്തിൽ 31500/-രൂപ ബാക്കിയായി ഉണ്ടായിരുന്നു.എന്നാൽ 2020-21 വർഷത്തിലെ RP34-പ്രകാരം ആ ഇനത്തിൽ തിരികെ നൽകൽ ഇല്ല.എന്നാൽ 2020-21 വർഷത്തിലെ B7-ൽ പ്രസ്തുത തുക ബാലൻസ് ആയി രേഖപ്പെടുത്താത്തതിന്റെ കാരണവും, പ്രസ്തുത തുക പഞ്ചായത്ത്

ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും മുതൽ കൂട്ടിയിട്ടില്ലായെങ്കിൽ ബാധ്യതയിൽ ഉൾപ്പെടാത്തതിന്റെ കാരണവും അറിയിക്കേണ്ടതുമാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| *വികസനഫണ്ട് (ജനറൽ) | 0 | 18119236 | 18119236 | 19126297 | -1007061 |
| **വികസനഫണ്ട് (എസ്.സി.പി) | 0 | 14955235 | 14955235 | 6843828 | 8111407 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 156000 | 156000 | 75000 | 81000 |
| Maintanance Fund(non-road) | 0 | 5984849 | 5984849 | 5028234 | 956615 |
| Maintanance Fund(road) | 0 | 20366000 | 20366000 | 18698411 | 1667589 |
| Development Fund (CFC Untied) | 0 | 18460185 | 18460185 | 10635705 | 7824480 |
| Development Fund (CFC Tied) | 0 | 8360000 | 8360000 | 2739515 | 5620485 |
| SSS**** | 0 | 0 | 0 | 1062849 | -1062849 |

*വികസനഫണ്ട് (ജനറൽ)ACRപ്രകാരമുള്ള ചെലവ് 4432726/- രൂപയാണ്.

** വികസനഫണ്ട്(എസ്.സി.പി)ചെലവ് എ.സി ആർ പ്രകാരമുള്ള ചെലവ് തുക 6478062/- രൂപയാണ്

കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ലഡ്ജർ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. തുക ലഭ്യമായതിന്റെ ഉത്തരവുകൾ, ബാങ്ക് സ്റ്റേറ്റുമെന്റുകൾ , ചെലവ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**** സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനായി ലഡ്ജർ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. തുക ലഭ്യമായതിന്റെ ഉത്തരവുകൾ, ബാങ്ക് സ്റ്റേറ്റുമെന്റുകൾ, ചെലവ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഗ്രാന്റ് യൂട്ടിലൈസേഷൻ- മറ്റ് അപാകതകൾ

1. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം - അപാകതകൾ

. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)7/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്.വിശദവിവരം ചുവടെ ചേർക്കുന്നു.

| ഹെഡ്കോഡ് | നൽകിയ ഏജൻസി | ബാക്കി നിൽക്കുന്നതുക |
|---|---|---|
| 320700104 | ബ്ലോക്ക് പഞ്ചായത്ത് | 2000000 |
| 320700105 | ജില്ലാ പഞ്ചായത്ത് | 3231400 |

| | | |
|---|---|---|
| 320700204 | ബ്ലോക്ക് പഞ്ചായത്ത് | 562137 |
| 320700205 | ജില്ലാ പഞ്ചായത്ത് | 562800 |

2. ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

B-4 Schedule പ്രകാരം വിനിയോഗിക്കാതെ അവശേഷിക്കുന്ന ഗുണഭോക്തൃവിഹിതമായ 423000/-രൂപ ഏതിനത്തിലുള്ള താണെന്നും പ്രോജക്റ്റ് നം. വർഷം, നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രോജക്റ്റ് സ്പിൽ ഓവർ ആക്കിയിട്ടുണ്ടെങ്കിൽ വിശദാംശം എന്നിവയും ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.5/202ന് മറുപടിയിൽ ഗുണഭോക്തൃവിഹിതം ഉടൻ തന്നെ ചെലവഴിക്കുന്നതാണെന്ന് അറിയിച്ചു.കൂടാതെചെലവഴിക്കാതെ അവശേഷിക്കുന്ന തുകകളിൽ ചെലവഴിക്കാൻ കഴിയാത്ത തുകകൾ തിരിച്ചടയ്ക്കുന്നതാണെന്നും അല്ലാത്തവ ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 238 | 161440394 | 189 | 84841718 | - | 49 | 79 |

തൻ വർഷം നടപ്പാക്കുന്നതിന് 238 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും 189 എണ്ണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആകെ വകയിരുത്തിയ തുകയുടെ 53% തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ഐ.സി.ഡി.എസ് സൂപ്പർവൈസർ 45% പദ്ധതികളും വി ഇ ഒ 30% പദ്ധതികളും മാത്രമാണ് നടപ്പാക്കിയിട്ടുള്ളത് .

പദ്ധതി ആസൂത്രണം

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ച വത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ച ആസൂത്രണ സമിതി അംഗങ്ങളെ നിലനിർത്തി പഞ്ചായത്ത് കമ്മിറ്റി 24.12.2019 2(1) ൽ തീരുമാനമെടുത്തിട്ടുണ്ട്. 22.01.2021 ൽ ആസൂത്രണ സമിതി യോഗം ചേർന്നു. പദ്ധതി മാർഗ്ഗരേഖയിൽ നിർവചിക്കപ്പെട്ടതിൻ പ്രകാരം ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് കൂടുതൽ ഇടപെടലുകൾ നടത്തേണ്ടതായിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിനും ഗുണമേൻമ മെച്ചപ്പെടുത്തുന്നതിനും അധിക വിഭവ സമാഹരണ സാധ്യതകൾ കണ്ടെത്തുന്നതിനും സമിതിയുടെ പ്രവർത്തനവും ഇടപെടലും ഉണ്ടാകേണ്ടതാണ്.

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 28.2.2020 ൽ വികസന സെമിനാർ നടന്നിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി നിർദേശം നൽകിയിട്ടുണ്ടെങ്കിലും അതാത് വിഷയമേഖലയുമായി ബന്ധപ്പെട്ട് നിലവിലുള്ള അവസ്ഥയും സ്ഥിതിവിവരകണക്കുകളും അപഗ്രഥിച്ച് നിർദേശങ്ങളും പദ്ധതി ആസൂത്രണത്തിന് നേതൃത്വവും നൽകുക എന്നിങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കപ്പെടേണ്ടതുണ്ട്.

## 1-5 സാമൂഹ്യ സുരക്ഷാ പെൻഷൻ

2020-21സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4320 | 6 |
| കർഷക തൊഴിലാളി പെൻഷൻ | 3129800 | 214 |
| വിധവാ പെൻഷൻ | 22417200 | 1557 |
| വാർധക്യകാല പെൻഷൻ | 37564200 | 2695 |
| വികലാംഗ പെൻഷൻ | 6526200 | 464 |
| വിവാഹ ധനസഹായം | 120000 | 4 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 554400 | 40 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു

വെങ്ങാനൂർ പഞ്ചായത്തിലെ ഏതാനും മരണ രജിസ്ട്രേഷൻ അപേക്ഷകൾ സേവന സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ ഗുണഭോക്താക്കളിൽ ചിലർക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പെൻഷനറുടെ പേര് | പെൻഷൻ ഐ.ഡി | ആധാർ കാർഡ് നം. | പെൻഷൻ ഇനം , തുക | മരണപ്പെട്ട തീയതി | ഏതു മാസം വരെ പെൻഷൻ നൽകിയി രിക്കുന്നു | അധികമായി നൽകിയ തുക |
|---|---|---|---|---|---|---|
| വിജയമ്മ എൽ | 102960601249 | 284030213592 | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം)1600 | 11-02-2020 | February-2022 | 35340 |
| സാവിത്രി കെ | 102960200637 | 714118243631 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 1-02-2020 | October-2020 | 12000 |
| ജോയിസ് സി | 101670101155 | 579601551249 | സാമൂഹ്യ സുരക്ഷ പെൻഷൻ(കർഷക തൊഴിലാളി പെൻഷൻ) | 12-02-2020 | February-2022 | 35340 |
| കൃഷ്ണൻകുട്ടി.എസ് | 102960200784 | 861124593689 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 26-02-2020 | February-2022 | 37100 |
| ബി.ലളിത | 102730600553 | 976647867161 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | 26-12-2019 | April-2020 | 4844 |
| സുമതി.എസ്സ് | 102960600986 | 412256281623 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | 21-12-2019 | February-2022 | 37780 |
| ലീല.ബി | 102960400032 | 785158561798 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം -ശാരീരികം) | 13-03-2020 | 2022-02-01 | 34120 |
| സെറാഫി നായകം | 101670611773 | 290403882453 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | 06-04-2020 | February-2022 | 32900 |
| ആകെ | | | | | | 229424 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ധനകാര്യവകുപ്പിന്റെ 05.11.20-ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ഈടാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 38/16-03-2022) വെങ്ങാനൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളിൽ മരണപ്പെട്ടതിനു ശേഷം ആയവരുടെ ബാങ്ക് അക്കൗണ്ടിൽ തുക നിക്ഷേപിച്ചത് തിരികെ സർക്കാരിലേക്ക് അടവാക്കുന്നതിനു ബാങ്കിനും മരണപ്പെട്ടവരുടെ ആശ്രിതർക്കും കത്ത് നൽകി തുടർ നടപടികൾ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-03-2022, 11.00 A.M-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6280- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്ത് കാര്യലയത്തിന്റെ സ്ഥലപരിമിതിയും അടിസ്ഥാന സൌകര്യങ്ങളുടെ അപര്യാപ്തതയും ജനസേവന പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ട്. ഐ എസ് ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ടെങ്കിലും നിലവിൽ സുഗമമായ പൊതുജന സമ്പർക്ക ഇടപെടലുകൾക്ക് ഭൌതിക സാഹചര്യം മെച്ചപ്പെടേണ്ടതുണ്ട്.

പഞ്ചായത്തിന് ലഭ്യമാകേണ്ട നികുതി ഇനത്തിലെ വരവുകൾ യഥാവിധി പിരിച്ചെടുക്കുന്നതിന് ഊർജ്ജിത ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിച്ച് ആയതിന്റെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന എന്ന് ഉറപ്പാക്കേണ്ടതും ചെലവഴിക്കാത്ത തുക യഥാസമയം തിരികെ ഈടാക്കുന്നതിനും നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

ഭവന നിർമ്മാണ, മെയിന്റനൻസ് പദ്ധതികളിൽ തുക വിതരണം ചെയ്യുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

തെരുവ് വിളക്ക് പരിപാലന പദ്ധതികൾ നടപ്പാക്കുന്നതിൽ ജാഗ്രതക്കുറവ് സംഭവിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിച്ച് പദ്ധതി പണം വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

ഭക്ഷ്യ സ്വയം പര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിൽ പടുതാക്കുളം മൽസ്യകൃഷി എന്ന പദ്ധതി നടപ്പാക്കി. മൂന്ന് വർഷം പദ്ധതി നടപ്പാക്കുന്നതാണെന്നും ഓരോ യൂണിറ്റിൽ നിന്നും എല്ലാ വർഷവും 1000 മൽസ്യങ്ങൾ വീതം ഉല്പാദിപ്പിക്കാൻ സാധിച്ചിക്കുന്നതുമാണെന്ന ലക്ഷ്യം കൈവരിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്.

## 1-8 മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 521944 | 1676770 | 2198714 | 2189368 | 9346 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 39421559 | 39421559 | 39421559 | - |
| ആകെ | 521944 | 41098329 | 41620273 | 41610927 | 9346 |

എൻ.ആർ.ഇ.ജി.എസ് - പദ്ധതി നടത്തിപ്പിന്റെ പൊതു അവലോകനം ചുവടെ ചേർക്കുന്നു.

(ഓഡിറ്റ് അന്വേഷണം നം.23 തീയതി : 15.3.2022 ന് ലഭ്യമായ മറുപടി)

| | |
|---|---|
| വിഭാവനം ചെയ്തതും അനുമതി ലഭിച്ചതുമായ പദ്ധതികൾ | 1338 |
| അംഗീകാരം ലഭിച്ചതിൽ പൂർത്തിയാക്കിയ പദ്ധതികൾ | 307 |
| വിതരണം ചെയ്ത തൊഴിൽ കാർഡുകൾ | 5951 |
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 119282 |
| തൊഴിൽ ചെയ്ത സ്ത്രീകളുടെ എണ്ണം | 108916 |
| തൊഴിൽ ചെയ്ത പുരുഷൻമാരുടെ എണ്ണം | 10366 |
| തൊഴിൽ ചെയ്ത പട്ടികജാതി വിഭാഗക്കാരുടെ എണ്ണം | 38303 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1993 |

| | |
|---|---|
| 100തൊഴിൽ ദിനം പൂർത്തികരിച്ച കുടുംബങ്ങളുടെ എണ്ണം | 606 |
| സോഷ്യൽ ആഡിറ്റ് നടത്തിയതിന്റെ വിവരം | നടത്തിയിട്ടുണ്ട്. |

പദ്ധതികൾ സംബന്ധിച്ച വിവരം.

| നം | പദ്ധതി വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ്, ജല സംരക്ഷണം | 82 | 30230575 |
| 2 | വരൾച്ച തടയൽ, വനവൽക്കരണം. | 3 | 420504 |
| 3 | പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം. | 19 | 2283130 |
| 4 | നടപ്പാത | 0 | 0 |
| 5 | വ്യക്തിഗത ആസ്തികൾ | 183 | 5822350 |
| 6 | മറ്റുള്ളവ | 20 | 665000 |

മെറ്റീരിയൽ കംമ്പോണന്റ് ഉപയോഗിച്ച് 20 വാർഡുകളിലും എം സി എഫ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.8.2019 | 1.4.2019-30.6.2019 | 23.10.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.12.2015 | 2010-11 - 2014-15 | 28.7.2016 |

## 1-10 ടെണ്ടർ ഫീ ഈടാക്കിയില്ല

സ.ഉ.(പി)നം.3/15/ധന തീയതി 05.01.2015, അനുബന്ധ ഉത്തരവുകൾ പ്രകാരം 50,000/- മുതൽ 10 ലക്ഷം വരെ അടങ്കൽ ഉള്ള പദ്ധതികളുടെ ടെണ്ടർ ഫീ പ്രവൃത്തി മൂല്യത്തിന്റെ 0.2% (കുറഞ്ഞത് 500/- രൂപയും, പരമാവധി 2000/- രൂപയും) ആണ്. 1,00,000/- രൂപയിലുമധികം പ്രവൃത്തി മൂല്യമുള്ള പദ്ധതികൾക്കാണ് ഗ്രാമപഞ്ചായത്ത് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. മേൽ ഉത്തരവിൻ പ്രകാരം കുറഞ്ഞത് 500/- രൂപയെങ്കിലും ടെണ്ടർ ഫീ ഇനത്തിൽ ഈടാക്കേണ്ടതുണ്ട്. എന്നാൽ 200/- രൂപ നിരക്കിലാണ് ഗ്രാമപഞ്ചായത്ത് മാന്വൽ ടെണ്ടറുകളിലെ ടെണ്ടർ ഫീ ആയി ഈടാക്കിയിട്ടുള്ളത്. 2020-21 സാമ്പത്തിക വർഷത്തിൽ മാന്വൽ ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫീ ഇനത്തിൽ 1600

(8*200) രൂപ മാത്രമാണ് ഗ്രാമപഞ്ചായത്തിനു ലഭിച്ചിട്ടുള്ളത്. സർക്കാർ നിർദ്ദേശ പ്രകാരമുള്ള നിരക്കിൽ ടെണ്ടർ ഫീ ഈടാക്കിയിരുന്നെങ്കിൽ കുറഞ്ഞത് 4000 (8*500) രൂപ ലഭിക്കുമായിരുന്നു. അപാകത സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 14/10.03.2022) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിരക്കിൽ ഫീസുകളും, നികുതികളും ഈടാക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-11 ലേല തുകയ്ക്ക് അനുസൃതമായി GST ഈടാക്കുന്നില്ല

വിവിധ ലേല ഇനങ്ങൾക്കായി നടത്തിയ ലേല നടപടികളിൽ ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം പിടിച്ച വ്യക്തികളിൽ നിന്നും ലേല തുകയ്ക്കൊപ്പം GST ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ലേലം ചെയ്ത ഇനം | ലേലം പിടിച്ച വ്യക്തിയുടെ പേര് | ലേല തുക | ഈടാക്കേണ്ടിയിരുന്ന GST |
|---|---|---|---|---|
| 1 | നെല്ലിവിള പബ്ളിക്ക് മാർക്കറ്റ് ഗേറ്റ് ഫീ പിരിവ് | രവി പി | 1800 | 216 |
| 2 | മംഗലത്തുകോണം ഹോമിയോ ആശുപത്രി കോമ്പൗണ്ടിലെ തെങ്ങുകളിൽ നിന്നുള്ള മേലാദായം | രാജേഷ് കുമാർ R S | 550 | 66 |
| 3 | പുതുകളത്തിൻ കരയിലെ തെങ്ങുകളിൽ നിന്നുള്ള മേലാദായം | സുനിൽ കുമാർ എ | 700 | 84 |
| 4 | സർക്കാർ കുളത്തിലെ (മേക്കോളി) തെങ്ങുകളിൽ നിന്നുള്ള മേലാദായം | സിന്ധു എസ് | 550 | 66 |
| 5 | മാർത്താണ്ഡം കുളക്കരയിൽ തെങ്ങുകളിൽ നിന്നുള്ള മേലാദായം | രവീന്ദ്രൻ | 500 | 60 |
| 6 | നെല്ലിവിള ഗവ എൽ.പി.എസ് കോമ്പൗണ്ടിലെ മരങ്ങളുടെ മേലാദായം | രവി പി | 900 | 108 |

നിയമപ്രകാരം ഈടാക്കേണ്ടിയിരുന്ന GST തുക ഈടാക്കാത്തതിന് കാരണം അറിയിക്കാൻ ഓഡിറ്റ് എൻക്വയറി നം 29 വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും GST തുക ഈടാക്കാത്തതിന് വ്യക്തമായ വിശദീകരണം നൽകിയിട്ടില്ല. ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും GST തുക ഈടാക്കി അടവാക്കിയതായി അറിയിച്ചിട്ടുണ്ട്. ഉയർന്ന തുകയ്ക്ക് ലേലം വിളിക്കുന്ന വ്യക്തികളിൽ നിന്നും GST തുക കൃത്യമായി ഈടാക്കേണ്ടതാണ്.

## 1-12 റേഷൻ കടകൾ തൊഴിൽ നികുതി ഒടുക്കാതെയും ലൈസൻസ് എടുക്കാതെയും പ്രവർത്തിക്കുന്നു

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾക്ക് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. വെങ്ങാനൂർ ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 20 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട് . എന്നാൽ ടി സ്ഥാപനങ്ങളിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ലൈസൻസ് തുകയോ തൊഴിൽ നികുതിയോ ഈടാക്കിയിട്ടില്ല എന്ന വിവരം ഓഡിറ്റ് എൻക്വയറി നം 34,24 എന്നിവയ്ക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. നിയമ പ്രകാരം ലൈസൻസ് എടുക്കാനും തൊഴിൽ നികുതി ഒടുക്കാനും ബാധ്യസ്ഥരായ സ്ഥാപനങ്ങളിൽ നിന്നും ബന്ധപ്പെട്ട തുക ഈടാക്കുന്നതിൽ വീഴ്ച വരുത്തിയത് അംഗീകരിക്കാവുന്നതല്ല. കേരള സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22-01-2019 ലെ (സി .എസ് )എ 9-764 /2019 കത്ത് പ്രകാരം റേഷൻ വ്യാപാരികളെ തൊഴിൽ നികുതി, ലൈസൻസ് എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി സ്ഥാപനങ്ങൾക്ക് ഡിമാൻഡ് നോട്ടീസ് നൽകി തൊഴിൽ നികുതിയും ലൈസൻസ് തുകയും ഈടാക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ് .

## 1-13 തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകതകൾ

വെങ്ങാനൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു .

### 1-13-1 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷം ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ആദ്യ പാദ നികുതി | രണ്ടാം പാദ നികുതി |
|---|---|---|---|
| 1 | ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് കോവളം | 6250 | ഒടുക്കിയിട്ടില്ല |
| 2 | പാൽ സൊസൈറ്റി കോവളം | 2200 | ഒടുക്കിയിട്ടില്ല |
| 3 | പോസ്റ്റ് ഓഫീസ് നെല്ലിവിള | ഒടുക്കിയിട്ടില്ല | 1950 |

*തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും പിഴ സഹിതം നികുതി ഈടാക്കി രസീത് പരിശോധനയ്ക്ക് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം. 24 വഴി ആവശ്യപ്പെട്ടതിനെ തുടർന്ന് നികുതി ഒടുക്കാൻ പ്രസ്തുത സ്ഥാപനങ്ങൾക്ക് കത്ത് നൽകിയതായി മറുപടി അറിയിച്ചിട്ടുണ്ട്. മുഴുവൻ തുകയും ഈടാക്കി രസീത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-13-2 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), (2) വകുപ്പുകൾ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. . എന്നാൽ ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുക്കുകയും പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിനുമേൽ പ്രവൃത്തി നടത്തുകയും ചെയ്ത കരാറുകാരിൽ നിന്നും 2020-21 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.24ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

വസ്തു നികുതി പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

## 1-14-1 കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് വഴി നികുതി നഷ്ടം

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ കെട്ടിട നികുതി ഇനത്തിലുള്ള വരവ് സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് വഴി വിവിധ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളിൽ നിന്നും നികുതി നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് കണ്ടെത്തി. ഇത്തരത്തിലുള്ള ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം | പ്രവർത്തിക്കുന്ന സ്ഥാപനം | ഉപയോഗക്രമം (സഞ്ചയ പ്രകാരം ) | വിസ്തീർണം | നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന നികുതി | നിശ്ചയിക്കേണ്ടിയിരുന്ന അടിസ്ഥാന നികുതി |
|---|---|---|---|---|---|
| XVII/411 | എ സ്ക്വയർ ഫാൻസി ആൻഡ് ഗിഫ്റ്റ് ഷോപ്പ് | പാർപ്പിടാവശ്യം | 139.4 ച. മീ | 6 | 70 |

| | | | | | |
|---|---|---|---|---|---|
| IV/111 D | മാർജിൻ ഫ്രീ മാർക്കറ്റ് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 183.72 | 40 | 70 |
| VI/79 | ആൻ ക്രോസ്സ് ഹെൽത്ത് കെയർ | പാർപ്പിടാവശ്യം | 61 ച. മീ | 6 | 40 |
| XIX/496 | ഹരിത ആയുർവേദിക് സെന്റർ | പാർപ്പിടാവശ്യം | 78.97 ച. മീ | 6 | 40 |

കെട്ടിടങ്ങൾക്ക് യഥാർത്ഥ ഉപയോഗക്രമത്തിനല്ലാതെ കുറഞ്ഞ നിരക്കിലുള്ള ഉപയോഗക്രമത്തിന് നികുതി നിർണ്ണയം നടത്തുകയും പിന്നീട് മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും മൂലം നികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുകയിൽ നഷ്ടം ഉണ്ടാകുന്നു. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 32 ന് ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചത് ഒഴികെ ഇത്തരം അപാകത മൂലം നികുതി നഷ്ടം സംഭവിക്കുന്നുണ്ടോ എന്ന് പഞ്ചായത്ത് തലത്തിൽ പരിശോധിച്ച് അപാകത പരിഹരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-14-2 മൊബൈൽ ഫോൺ ടവറുകളിൽ നിന്നും നികുതി ഇനത്തിൽ 105070 രൂപയുടെ കുടിശ്ശിക

മൊബൈൽ ഫോൺ ടവറുകളിൽ നിന്നും നികുതി കൃത്യമായി ഈടാക്കാത്തതിനാൽ 105070 രൂപ കുടിശ്ശികയായി ബാക്കി നിൽപ്പുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ഉടമസ്ഥൻ | 2020 രണ്ടാംപാദം വരെയുള്ള കുടിശ്ശിക |
|---|---|---|
| 1 | ടവർ വിഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് | 7766 |
| 2 | സബ് ഡിവിഷണൽ എൻജിനിയർ, ബി.എസ്.എൻ.എൽ മൊബൈൽ സർവ്വീസ്, നെയ്യാറ്റിൻകര | 46264 |
| 3 | ബി.എസ്സ്. രാജഗോപാൽ, റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് | 51040 |
| | ആകെ | 105070 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 32 ന മറുപടിയായി ടി ടവറുകൾക്ക് ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഇനത്തിലുള്ള മുഴവൻ തുകയും ഈടാക്കി വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്. കൃത്യമായ കാലയളവിൽ തന്നെ നികുതി ഈടാക്കി വരുമാന നഷ്ടം ഒഴിവാക്കാൻ ഇനിമേൽ ശ്രദ്ധിക്കേണ്ടതാണ് .

## 1-15 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഗ്രാമപഞ്ചായത്ത് ഒടുക്കുന്നു.

സ.ഉ.(സാധാ)നം.1275/2009/തസ്വഭവ തീയതി 30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ്ജ് പോലുള്ള നടത്തിപ്പ് ചെലവുകൾ ബന്ധപ്പെട്ട പദ്ധതിയുടെ ഗുണഭോക്താക്കളാണ് വഹിക്കേണ്ടത്. വാർഷിക കണക്കുകൾ ആർ പി. 13 ഹെഡ് 230100104 Electricity Charges For Drinking Water Schemes പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ ഇതിലേക്കായി 1,01,025/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. ഇത് ഏതൊക്കെ കുടിവെള്ള പദ്ധതികൾക്കായി വിനിയോഗിച്ചതാണ് എന്നത് വിശദമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/14.03.2022) മറുപടി ലഭ്യമായില്ല.

സ.ഉ.(സാധാ)നം.3065/2016/തസ്വഭവ തീയതി 10.11.2016 പ്രകാരം പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർ ഗുണഭോക്താക്കളായ കുടിവെള്ള പദ്ധതികളുടെ വൈദ്യുതചാർജ്ജ് പഞ്ചായത്ത് ഫണ്ടിൽ നിന്നും അനുവദിച്ചും സർക്കാർ ഉത്തരവായിട്ടുണ്ട്. മേൽ ചെലവുകൾ ഏതൊക്കെ പദ്ധതികൾക്കായി വിനിയോഗിച്ചതാണ് എന്നു പരിശോധിക്കേണ്ടതും, പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്കൊഴികെയുള്ള കുടിവെള്ളപദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകൾ ബന്ധപ്പെട്ട ഗുണഭോക്തൃസമിതി തന്നെ നിർവഹിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്.

തൻവർഷം വിനിയോഗിച്ച 1,01,025/- രൂപ ഏതൊക്കെ പദ്ധതികളുമായി ബന്ധപ്പെട്ടതാണെന്ന വിശദാംശവും, റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർനടപടികളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 യാത്രാബത്ത സമയബന്ധിതമായി അനുവദിച്ചില്ല

ചെക്ക് നം. 456370/22.01.2021 പ്രകാരം ഗ്രാമപഞ്ചായത്തിലെ മുൻഡ്രൈവർമാർക്ക് യാത്രാബത്തയായി ചുവടെ ചേർക്കും പ്രകാരം ആകെ 11,008/- രൂപ അനുവദിച്ചിട്ടുണ്ട്.

| ജീവനക്കാരന്റെ പേര് | യാത്രാബത്ത അനുവദിച്ച കാലയളവ് | അനുവദിച്ച തുക |
|---|---|---|
| അനുരാജ് | 01.03.2018 മുതൽ 18.04.2018 വരെ | 2500 |
| മനു എസ് | 20.04.2018 മുതൽ 31.08.2018 | 8508 |

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53 (ബി)(6) പ്രകാരം യാത്രാബത്തക്കായി യാത്ര നടത്തിയ മാസത്തിന്റെ തൊട്ടടുത്തമാസം ഒന്നാം തീയതി മുതൽ ഒരു വർഷത്തിനകം അപേക്ഷിച്ചിരിക്കണം. കെ.എസ്.ആർ വാല്യം 1 പാർട്ട് 2 ചട്ടം 5എ പ്രകാരം അർഹമായ തീയതി മുതൽ രണ്ടു വർഷത്തിനകം യാത്രാബത്ത മാറി നൽകേണ്ടതുണ്ട്. കൂടാതെ, രണ്ടു വർഷം കഴിഞ്ഞ സന്ദർഭങ്ങളിൽ സർക്കാരിന്റെ പ്രത്യേക അനുമതിയുണ്ടെങ്കിൽ മാത്രമേ യാത്രാബത്ത അനുവദിക്കാവൂ. മേൽ പ്രകാരമുള്ള ചെലവിന് സർക്കാർ അനുമതി ലഭിച്ചതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/15.03.2022) യാത്രാബത്ത അനുവദിക്കുന്നതിന് 20.03.2020 ലെ ഭരണസമിതി തീരുമാനിച്ചെങ്കിലും, കോവിഡ് അതിപ്രസരം കാരണം പെർഫോമൻസ് ഓഡിറ്റ് ഓഫീസുകൾ തുറന്നു പ്രവർത്തിക്കാത്തതിനാൽ യാത്രാബത്ത മാറി നൽകുവാൻ സാധിച്ചില്ലായെന്നും, തുടർന്ന് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറുടെ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ യാത്രാബത്ത അനുവദിച്ചതായും മറുപടി നൽകി. ചട്ടപ്രകാരമുള്ള സമയപരിധി കഴിഞ്ഞു അനുവദിക്കുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-17 പദ്ധതി തുക ദീർഘനാൾ ഗ്രാമപഞ്ചായത്തിന്റെ തനതു അക്കൗണ്ടിൽ സൂക്ഷിച്ചു

സ.ഉ.(സാധാ) നം.800/18തസ്വഭവ തീയതി 24.03.2018 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കോസ്റ്റ് ഫോർഡുമായി കരാറിലേർപ്പെട്ട് എസ്.സി. വിഭാഗക്കാർക്കുള്ള ഭവനസമുച്ചയം എന്ന ബഹുവർഷ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതിലേക്കായി 2019-20 സാമ്പത്തിക വർഷത്തിൽ 7000000/-രൂപ ജില്ലാ പഞ്ചായത്ത് വിഹിതം കൂടി ഉൾപ്പെടുത്തി പദ്ധതി (പ്രോ.നം. 181/20) ആവിഷ്കരിച്ചിരുന്നു. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ കോസ്റ്റ് ഫോർഡ് ബിൽ ലഭ്യമാക്കാത്തതിനാൽ പ്രസ്തുത തുക വിനിയോഗിക്കുവാൻ സാധിച്ചിരുന്നില്ല. സാമ്പത്തിക വർഷാവസാനത്തിൽ പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റെ ഡി.സി.ബി. തനതു അക്കൗണ്ടിലേക്ക് കൈമാറുന്നതിലേക്കായി ബിൽ സമർപ്പിച്ചുവെങ്കിലും ക്യൂ ബിൽ ആയതിനെ തുടർന്ന് പദ്ധതിക്ക് സ്പിൽ ഓവർ അനുമതി നേടി പ്രോ. നം. 232/21 എസ്.സി. വിഭാഗക്കാർക്കുള്ള ഭവനസമുച്ചയം എന്ന പദ്ധതിയിലൂടെ പ്രസ്തുത തുക

വകയിരുത്തുകയും, ബിൽ നം. 1/08.05.20 ലൂടെ പിൻവലിച്ച് ഗ്രാമപഞ്ചായത്തിന്റെ ഡി.സി.ബി തനതു അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. ഈ ഫണ്ടിൽ നിന്നും 147/21 പദ്ധതിയിലൂടെ 37,68,600/- രൂപ 2020-21 സാമ്പത്തിക വർഷത്തിൽ ചെലവാക്കിയിട്ടുണ്ട്. നീക്കിയിരുപ്പായ തുകയിൽ നിന്നും പ്രോ. നം. 139/22 പദ്ധതിയിലൂടെ 21.10.2021 ൽ 3127831/- രൂപയും ചെലവ്വ ചെയ്തിട്ടുണ്ട്.

03.07.2018-ലെ സ.ഉ(അ)100/2018/ധന., 24.01.2019-ലെ സ.ഉ(അ)7/2019/ധന ഉത്തരവുകൾ പ്രകാരം സംയുക്ത പദ്ധതികൾക്ക് ഫണ്ട് കൈമാറുന്ന രീതി നിർത്തലാക്കിയും, 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, സ.ഉ.(പി)177/2006ധന തീയതി 12.04.2006 ഖണ്ഡിക 6 പ്രകാരം ചെലവുവരും എന്ന നിഗമനത്തിൽ മുൻകൂർ ആയി തുക പിൻവലിക്കാവുന്നതല്ലായെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്.

ആവശ്യമായ തുക, ഉചിതമായ സമയത്ത് നേരിട്ട് സ്ഥാപനത്തിനു കൈമാറാതെ, സ്ഥാപനം ബിൽ ലഭ്യമാക്കുമ്പോൾ ഫണ്ട് അനുവദിക്കേണ്ടതുണ്ട് എന്ന നിഗമനത്തിൽ, പദ്ധതിക്കായി ജില്ലാ പഞ്ചായത്ത് വകയിരുത്തിയിരുന്ന തുക പിൻവലിച്ച് തനതു അക്കൗണ്ടിൽ നിക്ഷേപിച്ചത് മേൽ നിർദ്ദേശങ്ങൾക്കു വിരുദ്ധമാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/14.03.2022) ജില്ലാപഞ്ചായത്തിൽ നിന്നും 16.03.2020 ൽ നൽകിയ ടെലഫോൺ സന്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് അപ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ട് വിശദാംശങ്ങൾ നൽകി ഫണ്ടിന് റിക്വിസിഷൻ നൽകിയത് എന്നും, ബിൽ ട്രഷറി ക്യൂവിൽപ്പെട്ടതിനാൽ, അടുത്ത സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ അംഗീകാരം നേടി ബിൽ പിൻവലിച്ചതായും മറുപടി നൽകി.

ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമായ 70,00,000/- രൂപയിൽ 1,03,569/- രൂപ (7000000-3768600-3127831) ഗ്രാമപഞ്ചായത്തിന്റെ തനതു അക്കൗണ്ടിൽ നീക്കിയിരുപ്പായി അവശേഷിക്കുന്നു. പ്രസ്തുത തുക അടിയന്തിരമായി ബന്ധപ്പെട്ട ഹെഡിൽ തിരികെ ഒടുക്കേണ്ടതും, രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-18 രോഗികൾക്ക് ബെഡ്ഷീറ്റ് വാങ്ങിയതിന്റെ ചെലവ് രേഖകൾ അപൂർണം, 50000 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പദ്ധതി,നം | പാലിയേറ്റിവ് കെയർ (SO072/21) |
| അടങ്കൽ തുക | 10,000,00 (വികസന ഫണ്ട്-പൊതു വിഭാഗം സാധാരണ വിഹിതം, |
| ചെലവ് തുക | 956081 |

പാലിയേറ്റീവ് കെയർ പദ്ധതിക്കായി ട്രഷറി ബിൽ നം 35/20-21 തീ . 30-3-2021 വഴി 50000 രൂപ കമല വസ്ത്ര മാളിക എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട ഫയലിൽ ടി സ്ഥാപനം നൽകിയിട്ടുള്ള "പാലിയേറ്റിവ് കെയർ രോഗികൾക്ക് ബഡ്ഷീറ്റുകൾ 176 എന്ന റേറ്റിൽ 287 എണ്ണം വിതരണം ചെയ്തുകൊള്ളാമെന്നറിച്ചുകൊണ്ടുള്ള ക്വട്ടേഷൻ സൂക്ഷിച്ചിട്ടുണ്ട്. ഇതിനു പുറമെ സ്ഥാപനം ലഭ്യമാക്കിയ ബില്ലും സൂക്ഷിച്ചിട്ടുണ്ട്. (ബിൽ നം (Ca 21824) തീ. 29 -03 -21 ). എന്നാൽ രോഗികൾക്ക് ബെഡ്ഷീറ്റ് വിതരണം എന്ന ഇനത്തിൽ ബെഡ്ഷീറ്റിനായി ക്വട്ടേഷൻ ക്ഷണിച്ചുകൊണ്ടുള്ള ദർഘാസ് പരസ്യം ക്വട്ടേഷൻ സമർപ്പിച്ചുകൊണ്ടുള്ള മറ്റു സ്ഥാപനങ്ങളുടെ കത്തുകൾ , ടി സ്ഥാപനം സമർപ്പിച്ചിട്ടുള്ള കരാർ പത്രം , ക്വട്ടേഷൻ അംഗീകരിച്ചുകൊണ്ടുള്ള ഭരണ സമിതി തീരുമാനം , ഗുണനിലവാരം പരിശോധിച്ച് ഉറപ്പു വരുത്തിക്കൊണ്ടുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 287 ബെഡ്ഷീറ്റുകൾ വിതരണം ചെയ്തതിന്റെയും ആയത് ബന്ധപ്പെട്ട ഗുണഭോക്താവ് കൈപ്പറ്റിയതിന്റെ രേഖകളും ലഭ്യമല്ല . പ്രസ്തുത രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം 21 വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും രേഖകൾ ഹാജരാക്കുകയോ കൃത്യമായ വിശദീകരണം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ചെലവ് സംബന്ധിച്ച രേഖകളുടെ അഭാവത്തിൽ ചെലവ് തുക ; 50000 രൂപ തടസം ചെയ്യുന്നു . ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-19 സ്റ്റോക്ക് രജിസ്റ്ററിൽ മരുന്നുകളുടെ രേഖപ്പെടുത്തൽ കൃത്യമല്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹിച്ച വിവിധ പദ്ധതികൾ വഴി വാങ്ങിയിട്ടുള്ള മരുന്നുകൾ സ്റ്റോക്ക്

രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ലഭ്യമാക്കിയ രജിസ്റ്ററിൽ വിവിധ തീയതികളിലായി ലഭ്യമായ മരുന്നുകളുടെ ബിൽ അതേപടി പകർത്തി എഴുതുന്ന പ്രവണത ആണ് തുടർന്ന് വരുന്നത്. ഓരോ മരുന്നും തരം തിരിച്ച് അവയുടെ മുന്നിരിപ്പ് ,നീക്കിയിരിപ്പ് എന്നിവ സഹിതം രേഖപ്പെടുത്തി മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 21 ന മറുപടി നൽകിയിട്ടില്ല.

| ക്രമ നം | പദ്ധതി | മരുന്ന് വാങ്ങിയ ഇനത്തിൽ ചെലവഴിച്ച തുക |
|---|---|---|
| 1 | പാലിയേറ്റിവ് കെയർ (SO072/21) | 540000 രൂപ (ബിൽ നം 3/20-21 തീ 22-07-20) |
| 2 | വൃദ്ധ ജനങ്ങൾക്ക് മരുന്ന് വാങ്ങൽ ( SO081/21) | 104000-ബിൽ നം. 5/20-21, 22-07-2020 |
| 3 | പാലിയേറ്റിവ് കെയർ ( SO241/21) | 35290-ബിൽ നം. 14/20-21, 28-10-2020 |

പി.എച്ച്.സി യിൽ ലഭിക്കുന്ന മരുന്നുകളുടെ എണ്ണം സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും വിതരണ രജിസ്റ്ററിൽ അവയുടെ ഉപയോഗം കൃത്യമായി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ് .

## 1-20 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായി കാണപ്പെട്ട അപാകതകൾ

റോഡ് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ പൊതുവായി കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. അപ്സര റോഡ് കോൺക്രീറ്റ് (163/21) – കോൺക്രീറ്റ് പൊളിഞ്ഞ് സഞ്ചാരയോഗ്യമല്ലാത്ത റോഡ് 117 Mtr നീളത്തിലും 2.6m മുതൽ 5m വരെ വീതിയിലും 5cm കനത്തിലും റീകോൺക്രീറ്റ് ചെയ്യുന്നതിന് സാങ്കേതികാനുമതി ലഭ്യമായി. എസ്റ്റിമേറ്റ് ഇനം രണ്ട് പ്രകാരം 117.3*0.50*0.10 അളവിൽ പൈപ്പ് ട്രഞ്ച് പോർഷൻ കോൺക്രീറ്റ് ചെയ്യുന്നതിനും വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നു. ടെൻഡർ നടപടികൾ പൂർത്തിയായതിന് ശേഷം സൈറ്റ് സന്ദർശിച്ച അവസരത്തിൽ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് റോഡ് കുഴിച്ചിട്ടുള്ളതിനാൽ എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടതാണെന്ന് എഇ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 87.65m നീളത്തിലും 9cm മുതൽ 4.6m വരെ വീതിയിലും 5cm മുതൽ 15cm വരെ കനത്തിലും കോൺക്രീറ്റ് ചെയ്യുന്നതിന് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പദ്ധതി പൂർത്തീകരിച്ചു. ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുൻപ് സൈറ്റ് സന്ദർശിച്ചിട്ടില്ലാത്തതായി കാണുന്നു. മാത്രവുമല്ല 117 Mtr നീളത്തിൽ പൊളിഞ്ഞു സഞ്ചാരയോഗ്യമല്ലാത്ത റോഡ് 87.65m നീളത്തിൽ മാത്രം നവീകരിച്ചതിനാൽ ഈ റോഡ് പ്രവത്തി നടപ്പാക്കിയതുമൂലം ഉദ്ദേശിച്ച ഫലം പ്രദേശവാസികൾക്ക് ലഭ്യമായിട്ടില്ല.

2. രവീന്ദ്രൻ റോഡ് ഓട നിർമ്മാണം എന്ന പദ്ധതിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന്റെ ഐറ്റം നം രണ്ട് ഒഴികെ എല്ലാ ഇനങ്ങളും ഒഴിവാക്കി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പദ്ധതി നടപ്പാക്കിയിരിക്കുന്നു. സൈറ്റ് സന്ദർശനം നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണെന്ന നിർദേശം പാലിക്കാത്തതിനാലാണ് ഇപ്രകാരം സംഭവിച്ചിരിക്കുന്നത്.

3. കോൺക്രീറ്റിംഗ്, റീ-കോൺക്രീറ്റിംഗ്, ടാറിഗ്, റീ-ടാറിഗ് എന്നീ പ്രവൃത്തികൾ നടത്തി സഞ്ചാര യോഗ്യമാക്കിയ റോഡ് പ്രവൃത്തികളിൽ, റോഡിന്റെ ഇരുവശങ്ങളിലും കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്ക് ഉൾപ്പെടുന്ന ഒബ്സർവ്ഡ് ഡാറ്റാ ഉപയോഗിച്ചിരിക്കുന്നു. 12cm ന് താഴെ കനം വരുന്ന കോൺക്രീറ്റ് പ്രവത്തികളിലും ഫോം വർക്ക് ഉൾപ്പെടുന്ന ഒബ്സർവ്ഡ് ഡാറ്റാ ഉപയോഗിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.31 തീയതി : 16.3.2022 ന് മറുപടി ലഭ്യമാക്കിയില്ല.

4. സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനുള്ളിൽ പ്രവൃത്തി നടപ്പാക്കുന്നതിനുള്ള കരാറിൽ ഏർപ്പെടേണ്ടതും അല്ലാത്ത പക്ഷം കരാർ തുകയുടെ ഒരു ശതമാനം പിഴ ഈടാക്കേണ്ടതുമാണ്. പിഴ ഈടാക്കാത്ത പദ്ധതികളിൽ നിന്നും പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

5. കരാറിൽ ഏർപ്പെടുന്നതിന് കാലതാമസം നേരിട്ടതിന് പിഴ ഈടാക്കിയ പദ്ധതികളിൽ കരാർ തുകയുടെ ഒരു ശതമാനം ഈടാക്കേണ്ടതിന് പകരം പ്രവൃത്തിമൂല്യത്തിന്റെ ഒരു ശതമാനം ഈടാക്കിയിരിക്കുന്നു. ഭാവിയിൽ അപാകത

ഒഴിവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

6. സ്പിൽ ഓവർ ആയ എല്ലാ പദ്ധതികളും 2020-21 ൽ നടപ്പാക്കിയിട്ടില്ല.

7. സർക്കാർ ഉത്തരവ് (സാധാ) നം3119/2016/തസ്വഭവ തീയതി 17.11.2016 പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ 10% റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് 10% ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ മൂന്ന് റോഡ് പ്രവൃത്തികൾക്ക് മാത്രമാണ് ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചിരിക്കുന്നത്.

8. അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം ഇ-ടെ ണ്ടർ മുഖേന

നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ( ഇ-ടെ ണ്ടർ മുഖേന നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം, ലഭ്യമായ ടെണ്ടറുകളുടെ എണ്ണം, ലഭ്യമായ തുക ഉടങ്ങിയവ) ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ 7.3.2022 തീയതിയിലെ ഓഡിറ്റ് അന്വേഷണം നം.02 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-21 വലിയവിള നടപ്പാത കോൺക്രീറ്റ് - കരാറ്കാരന് അധികം തുക നൽകി - 9455/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | വലിയവിള നടപ്പാത കോൺക്രീറ്റ് (134/21) SO |
| അടങ്കൽ തുക | 190000/- |
| ഫണ്ട് | CFC Grant |
| ചെലവ് തുക | 147306/- |
| ബിൽനം തീയതി | 63/14.12.2020 |
| എം ബുക്ക് നം | 358/19-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ. വിപിൻ ജി |
| പി എ സി | 161312.47 Below 23.7 |

മേൽ പദ്ധതി നടപ്പാക്കുന്നതിന് ടെൻഡർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞനിരക്ക് നിരക്ക് (Tender Below 23.7) ക്വാട്ട് ചെയ്ത കരാറുകാരന് പ്രവൃത്തി നടപ്പാക്കിയതിന് തുക നൽകിയിരിക്കുന്നു. ചെലവ് തുക കണക്കാക്കിയതിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

| ഇനം | നൽകിയ തുക | അനുവദനീയമായ തുക |
|---|---|---|
| Total Value Of Work Done | 164609 | 161312 (Limited Value Of Work Done) |
| Tender Below | (-) 33086 (20.1%) | (-) 38231 (23.7) |
| | 131523 | 123081 |
| Add 12% GST | 15783 | 14770 |
| | 147306 | 137851 |

കരാറുകാരന് തുക അധികം (9455/-) നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 14.3.2022 ഓഡിറ്റ് അന്വേഷണം നം.17 ന് വർക്കിന്റെ ബില്ല് തയ്യാറാക്കിയപ്പോൾ ഉണ്ടായ അപാകതമൂലമാണ് അധികം തുക നൽകിയ സാഹചര്യം ഉണ്ടായതെന്നും ആയത് തിരികെ അടച്ച് രസീത് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രസീത് ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 1-22 അസറ്റ് മാനേജ്മെന്റ് - സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതാണ്

20.01.2017 ലെ ജി.ഒ(ആർ.ടി)നം. 166/17/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. അതിൻ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) രൂപീകരിച്ച് അസറ്റ് മാനേജ്മെന്റ്പ്ലാൻ (AMP) തയ്യാറാക്കേണ്ടതാണ്. ഇപ്രകാരം അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി നിലവിൽ വന്നിട്ടുണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം, തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നെങ്കിൽ അതിന്റെ വിശദവിവരം എന്നിവ ലഭ്യമാക്കുന്നതിന് 7.3.2022 ൽ ഓഡിറ്റ് അന്വേഷണം നം.02 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ, ആസ്തി പരിപാലനം സംബന്ധിച്ച മാന്വലിലെ അഞ്ചാം അധ്യായത്തിൽ, ഉപയോഗശൂന്യമായ ആസ്തികൾ സമയബന്ധിതമായി കയ്യൊഴിയണമെന്നുമുള്ള നിർദേശങ്ങൾ പാലിച്ചതിന്റെ രേഖകൾ എന്നിവയും ലഭ്യമാക്കിയിട്ടില്ല.

അസറ്റ് മാനേജ്മെന്റ് മാന്വലിലെ നിർദേശങ്ങൾ പാലിച്ച് ആസ്തി സംരക്ഷണം ഫലപ്രദമായി നിർവ്വഹിക്കുന്നതിന്

ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ആസ്തി രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ല.

സർക്കുലർ നം.58608/ഡി.ബി.2/2009/തസ്വഭവ തീയതി 13.01.2010 ഖണ്ഡിക 3.22 പ്രകാരം ആസ്തി രജിസ്റ്റർ കാലാകാലങ്ങളിൽ മാറ്റം വരുത്തേണ്ടതും, പരിഷ്കരിക്കേണ്ടതുമാണ്. ഒരോ സാമ്പത്തിക വർഷാരംഭത്തിലും മുൻവർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്കു സമർപ്പിക്കേണ്ടതും, ഭരണസമിതിയുടെ അംഗീകാരത്തോടെ ഡിജിറ്റൽ ആസ്തി രജിസ്റ്റർ പുതുക്കേണ്ടതുമാണ്. തദ്ദേശസ്ഥാപനത്തിന്റെ ഡിജിറ്റൽ ആസ്തി രജിസ്റ്റർ പുതുക്കിയതിന്റെയും, 2020-21 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്ഥാപനം ആർജ്ജിച്ചിട്ടുള്ള വിവിധ ആസ്തികളുടെ വിശദാംശം ഉൾപ്പെട്ട റിപ്പോർട്ട് തുടങ്ങിയവ ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/07.03.2022) രേഖകൾ ലഭ്യമാക്കുകയോ, മറുപടി ലഭ്യമാക്കുകയോ ഉണ്ടായില്ല. ഗ്രാമപഞ്ചായത്ത് ആർജ്ജിച്ചിട്ടുള്ള ആസ്തികളുടെ വിവരം ഉൾപ്പെടുത്തി ഡിജിറ്റൽ ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്യേണ്ടതും വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-24 നിക്ഷേപ പ്രവൃത്തികൾ പൂർത്തിയായതിനുള്ള രേഖകൾ ലഭ്യമായില്ല - 521299/- രൂപ തടസ്സം ചെയ്യുന്നു.

നിക്ഷേപ പ്രവൃത്തികൾക്കായി 2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണാധികാരിയായി ചെലവു ചെയ്തു ചുവടെ ചേർക്കുന്ന പദ്ധതികളുടെ പൂർത്തീകരണ രേഖകൾ ഇതുവരെയും ലഭ്യമായിട്ടില്ല.

| പ്രോ. നം., പേര് | ചെലവ് തുക | ഫണ്ടിനം | ബിൽ നം., തീയതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 6/21 വൈദ്യുതി ലൈൻ നീട്ടൽ | 316783 | വികസന ഫണ്ട് ജനറൽ+<br>ധനകാര്യ കമ്മിഷൻ അവാർഡ് | 42/22.03.21-82121<br>41/22.03.21-234662 | കെ.എസ്.ഇ.ബി. വിഴിഞ്ഞം |
| 7/21 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 32689 | ധനകാര്യ കമ്മിഷൻ അവാർഡ് | 40/22.03.21-32689 | കെ.എസ്.ഇ.ബി. വിഴിഞ്ഞം- 14676<br>കെ.എസ്.ഇ.ബി. കോട്ടുകാൽ - 18013 |
| 201/21 വൈദ്യുത ലൈൻ നീട്ടൽ | 171827 | ധനകാര്യ കമ്മിഷൻ അവാർഡ് | 9/12.05.2020-103933<br>10/12.05.2020-67894 | കെ.എസ്.ഇ.ബി. കോട്ടുകാൽ |
| ആകെ | 521299 | | | |

പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.യുമായി കരാർ ചമച്ചിട്ടുണ്ടെങ്കിലും, പ്രസ്തുത കരാറിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ് പോലുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. കരാറിലെ ഖണ്ഡിക 7 പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ ഫൈനൽ ബില്ലിന്റെ പകർപ്പും, പെർഫോമൻസ് റിപ്പോർട്ടും, പൂർത്തീകരണ സർട്ടിഫിക്കറ്റും ഗ്രാമപഞ്ചായത്തിനു ലഭ്യമാക്കുന്നതാണെന്നു രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയായതു സംബന്ധിച്ച രേഖകൾ, മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് തുടങ്ങിയവ ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/07.03.2022) മേൽ പ്രവൃത്തികൾ പൂർത്തിയായതായും, എന്നാൽ പൂർത്തീകരണരേഖകൾ

ലഭ്യമായിട്ടില്ലാത്തതായും അറിയിച്ചു. കൂടാതെ, കരാറിൽ പ്രവൃത്തിയുടെ പൂർത്തീകരണ തീയതി പോലുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തി നൽകുന്നതിന് ടി കാര്യാലയങ്ങൾ വിമുഖത കാട്ടുന്നതായും, ചില കാര്യാലയങ്ങൾ നിയമാനുസൃത കരാറിലേർപ്പെടുന്നതിനു പോലും വിമുഖത കാട്ടുന്നതായും മറുപടി നൽകി. ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഭരണവകുപ്പ് മേധാവിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം നേടേണ്ടതാണ്.

മേൽ പ്രവൃത്തികളുടെ കരാർ പ്രകാരമുള്ള പൂർത്തീകരണ രേഖകൾ, പ്രവൃത്തികളുടെ കാര്യക്ഷമമായ പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് തുടങ്ങിയവ ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ പദ്ധതികൾ പ്രകാരം വിനിയോഗിച്ച 521299/- രൂപ തടസ്സം ചെയ്യുന്നു.

## 1-25 വാട്ടർ അതോറിറ്റി മുഖാന്തിരമുള്ള നിക്ഷേപ പ്രവൃത്തി പൂർത്തിയായില്ല – 45600/- രൂപ തടസ്സം ചെയ്യുന്നു.

പ്രോ. നം. 266/21 ചിറയിൽ സ്റ്റേഡിയത്തിലെ ഡ്രസ്സിംഗ് റൂം ടോയിലറ്റ് എന്നിവയ്ക്ക് വാട്ടർ കണക്ഷൻ

അടങ്കൽ തുക - 95700/-

ചെലവു തുക - 45600/-

ഫണ്ടിനം - സി.എഫ്.സി. ടൈഡ്

ബിൽ നം. -39/22.03.2021

നിർവഹണാധികാരി-സെക്രട്ടറി

മേൽ പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിയുടെ അബ്സ്ട്രാക്റ്റ് ഓഫ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 45600/- രൂപ നിക്ഷേപിച്ചു നൽകിയിട്ടുണ്ട്. കെ.ഡബ്ല്യു.എ. യുമായി 20.03.2021 ൽ ചമച്ചിട്ടുള്ള കരാറിലെ ഖണ്ഡിക 6, 7പ്രകാരം പ്രവൃത്തി സെപ്റ്റംബർ 2021 നുള്ളിൽ പൂർത്തീകരിക്കേണ്ടിയിരുന്നു. കൂടാതെ, പ്രവൃത്തി പൂർത്തിയായി രണ്ടാഴ്ചക്കുള്ളിൽ പ്രവൃത്തിയുടെ ഫൈനൽ ബില്ല്, പെർഫോമൻസ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിനു ലഭ്യമാക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു. പ്രവൃത്തി പൂർത്തീകരിച്ചതിനുള്ള രേഖകൾ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4/08.03.2022) നിർമ്മാണ പ്രവൃത്തി നടന്നു വരുന്നതായും, പ്രവൃത്തി പൂർത്തീകരിച്ച് രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റിനു ലഭ്യമാക്കുന്നതായും മറുപടി ലഭ്യമാക്കി. മേൽ പ്രവൃത്തികളുടെ കരാർ പ്രകാരമുള്ള പൂർത്തീകരണ രേഖകൾ, പ്രവൃത്തികളുടെ കാര്യക്ഷമമായ പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് തുടങ്ങിയവ ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ പദ്ധതികൾ പ്രകാരം വിനിയോഗിച്ച 45600/- രൂപ തടസ്സം ചെയ്യുന്നു.

## 1-26 നിക്ഷേപ പ്രവൃത്തിക്കായി മുൻകൂർ അനുവദിച്ചതിലെ നീക്കിയിരുപ്പ് തുക തിരികെ ലഭ്യമായില്ല

പ്രോ. നം. 275/21 എസ്.സി. ഭവനസമുച്ചയത്തിന് വാട്ടർ കണക്ഷൻ ലഭ്യമാക്കൽ

അടങ്കൽ തുക - 2649674/-

ചെലവു തുക - 677300/-

ഫണ്ടിനം - ധനകാര്യകമ്മിഷൻ അവാർഡ് 800000/- വികസനഫണ്ട് ജനറൽ – 1432557
എസ്.സി.പി 417117

ബിൽ നം. - 6/12.03.2021

നിർവഹണാധികാരി - അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതിക്കായി 26.02.2021 തീയതിയിൽ വാട്ടർ അതോറിറ്റി ലഭ്യമാക്കിയ അബ്സ്ട്രാക്റ്റ് ഓഫ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ, തുക കൈമാറുകയും 15.03.2021 തീയതിയിൽ വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. കരാർ പ്രകാരം 25.08.2021 നു മുൻപായി പ്രവൃത്തി പൂർത്തീകരിച്ച് രണ്ടാഴ്ച്ചയ്ക്കുള്ളിൽ ഫൈനൽ ബിൽ, പെർഫോമൻസ് റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്നതായി സമ്മതിച്ചിരുന്നുവെങ്കിലും, 22.11.2021 ലാണ് വാട്ടർ അതോറിറ്റി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളത്. ഫൈനൽ ബിൽ, പെർഫോമൻസ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല.

വിനിയോഗ സാക്ഷ്യപത്രം പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് വർക്ക് ഓഫ് വെങ്ങാനൂർ പഞ്ചായത്ത് |

| | |
|---|---|
| പ്രോജക്റ്റ് നം | 275/21 |
| നിക്ഷേപിച്ച തുക | 677300 |
| ലേബർ ചാർജ്ജസ് | 529445 |
| മെറ്റീരിയൽ കോസ്റ്റ് | 0 |
| ടെണ്ടർ ചെലവുകൾ | 10000 |
| സെന്റേജ് ചാർജ്ജസ് @12.5% | 53945 |
| ആകെ | 593390 |
| ബാലൻസ് | 83910 |

ഗ്രാമപഞ്ചായത്ത് നൽകിയ തുകയിൽ 83910/- രൂപ നീക്കിയിരുപ്പ് ഉള്ളതായി വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. കൂടാതെ, സ.ഉ.(സാധാ)നം.1069/2018/തസ്വഭവ തീയതി 16.04.2018 പ്രകാരം കേരള വാട്ടർ അതോറിറ്റി, തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും സെന്റേജ് ചാർജ്ജ് ഈടാക്കാവുന്നതല്ല എന്ന സർക്കാർ ഉത്തരവായിട്ടുള്ളതുമാണ്.

ആയതിനാൽ നീക്കിയിരുപ്പ് തുകയും, സെന്റേജ് ചാർജ്ജസ് ഇനത്തിൽ ഈടാക്കിയ തുകയും (ആകെ 1,37,855/-) തിരികെ ഗ്രാമപഞ്ചായത്തിനു ലഭ്യമാക്കേണ്ടതുണ്ട്. തുക തിരികെ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/11.03.2022) നീക്കിയിരുപ്പ് തുക തിരികെ ലഭ്യമാക്കി ഒടുക്കുന്നതാണെന്നും, സെന്റേജ് ചാർജ്ജസ് ഇനത്തിലെ തുകയും തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

തുക ലഭ്യമാക്കി ബന്ധപ്പെട്ട ട്രഷറി ഹെഡിൽ ഒടുക്കിയതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി സെന്റേജ് ചാർജ്ജസ് ഇനത്തിൽ വാട്ടർ അതോറിറ്റി തുക ഡിമാന്റ് ചെയ്യുന്ന വിവരം ഭരണവകുപ്പ് മേധാവിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും, തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-27 മുൻ വർഷങ്ങളിൽ നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയിരുന്ന തുകയിലെ നീക്കിയിരുപ്പ് തിരികെ ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക കണക്കുകളിലെ ബി 18 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കും പ്രകാരം തുക നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയതിൽ ക്രമീകരിക്കാനവശേഷിച്ചിരുന്നു.

| ഹെഡ് | തുക കൈപ്പറ്റിയ ഏജൻസി | ക്രമീകരിക്കാനുള്ള തുക |
|---|---|---|
| 460500201 | കെ.ഡബ്ല്യു.എ | 14378042 |
| 460500202 | കെ.എസ്.ഇ.ബി. | 12139745 |
| 460500204 | ഭൂജല വകുപ്പ് | 90000 |
| ആകെ | | 26607787 |

വിവിധ ഏജൻസികൾക്ക് മേൽ പ്രകാരം നിക്ഷേപിച്ചിരുന്ന 2.66 കോടി രൂപയുടെ പ്രവൃത്തികളിൽ പൂർത്തിയായ പ്രവൃത്തികളുടെ വിശദാംശം ആരാഞ്ഞതിൽ (ഓഡിറ്റ് അന്വേഷണം നം. 4/08.03.2022) ചുവടെ ചേർക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചതായും പൂർത്തീകരണ സാക്ഷ്യപത്രം 26.01.2022 ൽ ലഭ്യമായതായും മറുപടി നൽകി.

| ക്രമ നം | തുക നിക്ഷേപിച്ച വർഷം, ഫണ്ടിനം* | പ്രോ.നം., പ്രവൃത്തിയുടെ പേര് | നിക്ഷേപിച്ച തുക | സെന്റേജ് ചാർജ്ജസ് | ചെലവായ തുക (സെന്റേജ് ചാർജ്ജ് ഉൾപ്പെടെ) | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ലഭ്യമായില്ല | Deposit Work Of Venganoor GP Laying 90mm PVC Pipdline To A Length Of 275m At Muttacadu Raheesh Naikh Road And Water Supply Line Extension To Chemmannuvila At Azhakulam Ward | 518000 | 52021 | 468192 | 49808 |
| 2 | ലഭ്യമായില്ല | 122/19 Deposit Workof Venganoor Panchayat-water Supply Connection To Muttacadu LPS | 30000 | 2288 | 25165 | 4835 |
| 3 | ലഭ്യമായില്ല | Deposit Workof Venganoor GP-water Supply Line Extension To Kollavila- Kavinpuram Road And Chunakkarai CSI Church Road In Ward No.2 | 400000 | 16941 | 157470 | 242530 |
| 4 | ലഭ്യമായില്ല | Deposit Work Of Venganoor Panchayat-pipeline Extension In Muttacadu Ward | 600000 | 55781 | 502026 | 97974 |
| 5 | ലഭ്യമായില്ല | Deposit Work Of Venganoor Panchayat Pipeline Extension In Vellar Ward | 247000 | 17383 | 156450 | 90550 |
| 6 | ലഭ്യമായില്ല | Deposit Work Of Venganoor Panchayat Pipeline Extension In Kadavinmoola Ward | 323000 | 30027 | 270241 | 52759 |
| 7 | ലഭ്യമായില്ല | Deposit Work Of Venganoor Panchayat - Pipeline Extension In Panangodu Ward | 180000 | 19024 | 171217 | 8783 |
| 8 | ലഭ്യമായില്ല | 11/19 Deposit Work Of Venganoor Panchayat-Pipeline Extension Tostadium Perumaram Road Of Azhakulam Ward | 350000 | 29806 | 337864 | 12136 |
| 9 | ലഭ്യമായില്ല | 115/19 Deposit Work Of Venganoor Panchayat -Laying 90mm PVC Pipe Line For A Length Of 800m At Various Places Of Muttacadu Ward | 470000 | 42103 | 473128 | -3128 |
| 10 | ലഭ്യമായില്ല | 115/19 Deposit Work Of Venganoor Panchayat -Pipeline Extension To Various Places Of Vellar Ward | 386000 | 41105 | 462155 | -76155 |
| 11 | ലഭ്യമായില്ല | 246/20 Deposit Work Of Venganoor Panchayat -WS Line Extension To Mellanium Stadium Road To Kuzhiyarathala Line In Pangode Ward | 337000 | 47137 | 424235 | -87325 |
| | | ആകെ | 3841000 | 353616 | 3448143 | 392767 |

* വിശദാംശങ്ങൾ നിക്ഷേപപ്രവൃത്തികളുടെ രജിസ്റ്ററിൽ നിന്നും ലഭ്യമായില്ല.

31.03.2020 വരെയുള്ള കാലയളവിൽ കെ.ഡബ്ല്യു.എ. യ്ക്ക് നൽകിയതിൽ 14378042/- രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചപ്പോൾ 3,92,767/- രൂപ നീക്കിയിരുപ്പ് ഉള്ളതായി കെ.ഡബ്ല്യു.എ. അറിയിച്ചിട്ടുണ്ട്. എന്നാൽ പൂർത്തിയായ പ്രവൃത്തികളുടെ ഫൈനൽ ബിൽ, പെർഫോമൻസ് റിപ്പോർട്ട് എന്നിവ ഗ്രാമപഞ്ചായത്തിനു ലഭ്യമാക്കിയിട്ടില്ല.

സ.ഉ.(സാധാ)നം.1069/2018/തസ്വഭവ തീയതി 16.04.2018 പ്രകാരം കേരള വാട്ടർ അതോറിറ്റി, തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും സെന്റേജ് ചാർജ്ജ് ഈടാക്കാവുന്നതല്ല എന്ന സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിനാൽ, മേൽ പ്രകാരം നീക്കിയിരുപ്പായ 392767/- രൂപയും, സെന്റേജ് ചാർജ്ജസ് ഇനത്തിൽ ഈടാക്കിയ തുകയായ 353616/- രൂപയും ഉൾപ്പെടെ ആകെ 746383/- രൂപ തിരികെ ലഭ്യമാക്കി ബന്ധപ്പെട്ട പ്ലാൻ ഹെഡിൽ ഒടുക്കേണ്ടതും, പ്രവൃത്തികളുടെ ഫൈനൽ ബിൽ, തുക ബന്ധപ്പെട്ട ഹെഡിൽ ഒടുക്കിയതിനുള്ള രേഖകൾ എന്നിവ ഓഡിറ്റിനു ലഭ്യമാക്കേണ്ടതുമാണ്.

കെ.എസ്.ഇ.ബി. 12139745/- രൂപയുടെയും, ഭൂജലവകുപ്പ് 90000/- രൂപയുടെയും വിനിയോഗരേഖകൾ ലഭ്യമക്കുവാനവശേഷിക്കുന്നു. കെ.ഡബ്ല്യു.എ, കെ.എസ്.ഇ.ബി., ഭൂജലവകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് ദീർഘനാളായി നിക്ഷേപിച്ച നൽകിയിട്ടുള്ള പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിച്ച് പദ്ധതിലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർനടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 1-28 വിനിയോഗ രേഖകൾ ലഭ്യമായില്ല – 2879466/- രൂപ തടസ്സം ചെയ്യുന്നു

പദ്ധതികളുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള തുകയുടെ വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ.

| പ്രോ. നം., പേര് | ചെലവു തുക | ഫണ്ടിനം | ബിൽ നം., തീയതി |
|---|---|---|---|
| 1/21 എസ്.എസ്.കെ വിഹിതം ജനറൽ | 1000000 | വികസന ഫണ്ട് ജനറൽ | 2/28.04.2020 |
| 2/21 എസ്.എസ്.കെ വിഹിതം നൽകൽ എസ്.സി. | 1238165 | വികസന ഫണ്ട് എസ്.സി.പി. | 3/28.04.2020- 833700<br>4/24.04.2020-404465 |
| 3/21 ഐ.കെ.എം ന് തുക നൽകൽ | 141301 | വികസന ഫണ്ട് ജനറൽ | 5/24.4.20-13073 (18-19 കുടിശ്ശിക)<br>6/24.4.20-128228 |
| 88/21 തിരു. മെഡിക്കൽ കോളേജിന് ബയോ മെഡിക്കൽ വേസ്റ്റ് സംസ്കരണത്തിന് വിഹിതം നൽകൽ | 500000 | ധനകാര്യ കമ്മിഷൻ അവാർഡ് +<br>തിരുവനന്തപുരം നഗരസഭയുടെ വിഹിതം | 29/05.02.21-100000<br>44/27.3.21-400000 |
| ആകെ | 2879466 | | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/07.03.2022) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിലേക്കായി ബന്ധപ്പെട്ട സ്ഥാനങ്ങൾക്ക് 11.03.2022 ൽ കത്ത് നൽകിയതായും, ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതായും മറുപടി നൽകി. വിനിയോഗ രേഖകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ പദ്ധതികൾ പ്രകാരം വിനിയോഗിച്ച 2879466/- രൂപ തടസ്സം ചെയ്യുന്നു.

## 1-29 തെരുവ് വിളക്ക ഉപകരണങ്ങൾ വാങ്ങൽ നടപടികളിലെ അപാകങ്ങൾ - 38050/-

രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു, 72900/- രൂപയുടെ ചെലവു നിരാകരിക്കുന്നു.

തെരുവ് വിളക്ക ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി ഗ്രാമപഞ്ചായത്ത് 2019-20 ൽ ആവിഷ്കരിച്ച് 2020-21 ൽ സ്പിൽ ഓവർ അംഗീകാരം നേടി ചുവടെ ചേർക്കും പ്രകാരം 3 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രോ നം,പേര് | ചെലവു തുക | ഫണ്ടിനം | ബിൽനം., തീയതി | ഭരണാനുമതി നം., തീയതി | വാങ്ങി സ്ഥാപിക്കാനുദ്ദേശിച്ച ഉപകരണങ്ങൾ |
|---|---|---|---|---|---|---|
| 1 | 150/21 4,10 എന്നീ വാർഡുകളിലേക്ക് ഡബിൾ ട്യൂബ് സെറ്റ് വാങ്ങൽ | 198450 | ധനകാര്യ കമ്മിഷൻ അവാർഡ് | 28/13.11.20 | 1(1), 04.06.2019 | 36w ഡബിൾ ട്യൂബ് സെറ്റ് 81 എണ്ണം |
| 2 | 152/21 ഡബിൾ ട്യൂബ് സെറ്റ് വാങ്ങൽ (12,14,19) എന്നീ വാർഡുകൾ ഒഴികെ | 699050 | ധനകാര്യ കമ്മിഷൻ അവാർഡ് | 34/18.12.20-407944<br>34/14.03.21-291106 | 1(5), 26.08.2019 | 36w ഡബിൾ ട്യൂബ് സെറ്റ് 451 എണ്ണം |
| 3 | 151/21 6,8,13,15,16,17 എന്നീ വാർഡുകളിലേക്ക് എൽ.ഇ.ഡി. ലൈറ്റ് | 597179 | ധനകാര്യ കമ്മിഷൻ അവാർഡ് | 27/13.11.20 | 1(1), 04.06.2019 | 24w എൽ.ഇ.ഡി ലൈറ്റുകൾ 444 എണ്ണം |

പദ്ധതികൾ ആവിഷ്കരിച്ച നടപ്പാക്കിയതിലെ അപാകതകൾ കാരണം പദ്ധതി തുകയുടെ വിനിയോഗത്തിൽ അമിത ചെലവുണ്ടായി. വിശദാംശങ്ങൾക്കു ഖണ്ഡിക 3-1 കാണുക.

## 1-30 വീട് വാസയോഗ്യമാക്കൽ (എസ്.സി.പി.)അധികതുക നൽകി-50000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ S0183/2020(വീട് വാസയോഗ്യമാക്കൽ-പട്ടികജാതി, ഫണ്ട്-എസ്.അടങ്കൽ-1900000/-, ചെലവ്-1900000/-രൂപ)പദ്ധതി പ്രകാരം വീട് വാസയോഗ്യമാക്കുന്നതിനായി ഗുണഭോക്താവിന് വാല്യുവേഷന്റെ അടിസ്ഥാനത്തിൽ 50000/-രൂപവീതം രണ്ട് തവണകളായി 100000/-രൂപ നൽകുവാനാണ് പദ്ധതിവിഭാവനം ചെയ്തത്. പ്രസ്തുത പദ്ധതി പ്രകാരം വീടുകളുടെ പുനരുദ്ധാരണം നടത്തി വാല്യുവേഷൻ സമർപ്പിച്ച ഗുണഭോക്താക്കൾക്ക് തുക കൈമാറിയ ബില്ലുകൾ പരിശോധിച്ചതിൽ ജലജ, ബാബു എന്നീ ഗുണഭോക്താക്കൾക്ക് പദ്ധതിപ്രകാരം നൽകിയ തുകകളിൽ വ്യത്യാസം കണ്ടെത്തി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര് | പദ്ധതിപ്രകാരം നൽകേണ്ട ആകെ തുക | ബിൽ നമ്പർ, തിയതി | നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ജലജ | 100000/- | 23, 11-4-2020 | 50000/- | 50000/-രൂപ നൽകിയിട്ടില്ല. |
| 2 | ബാബു | 100000/- | 85,9-6-2020<br>24,11-4-2020<br>158,11-12-2019 | 50000/-<br>50000/-<br>50000/- | 50000/-രൂപ അധികം നൽകി |

മേൽ വിവരിച്ച പട്ടികയിലെ ക്രമമ്പർ 1- ലെ ഗുണഭോക്താവിന് കുറവായി 50000/-രൂപ നൽകിയതിനും ക്രമനമ്പർ 2-ലെ ഗുണഭോക്താവിന് പദ്ധതിപ്രകാരം 50000/-രൂപ അധികമായി നൽകിയതിനും, കൂടുതലായി നൽകിയ 50000/-രൂപ തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും നൽകുവാൻആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 40-ന് മറുപടി നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടില്ല. പദ്ധതിപ്രകാരം ഗുണഭോക്താവിന് അധികതുക നൽകിയതും, വീടിന്റെ പുനരുദ്ധാരണം പൂർത്തിയായിട്ടും ഗുണഭോക്താവിന് അർഹതപ്പെട്ട തുക നൽകാത്തതും നിർവഹണോദ്യോഗസ്ഥന്റെ വീഴ്ചയായി കണക്കാക്കാവുന്നതാണ്. അപാകങ്ങൾക്ക് മറുപടി നൽകാത്തതിനാൽ ബാബു എന്ന ഗുണഭോക്താവിന് അധികം നൽകിയ50000/-രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ്

റിപ്പോർട്ട് ലഭിച്ച് രണ്ട് മാസത്തിനകം അധികമായി നൽകിയ തുക ഗുണഭോക്താവിൽ നിന്നും ഈടാക്കി തുക പിൻവലിച്ച അതേ ഫണ്ടിലേയ്ക്ക് (വികസനഫണ്ട് .എസ്.സി.പി.)അടവാക്കേണ്ടതും അല്ലാത്തപക്ഷം പ്രസ്തുത തുക നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായി മാറുന്നതാണ്. കൂടാതെ പദ്ധതിപ്രകാരം പണിപൂർത്തിയാക്കിയ ഗുണഭോക്താവായ ജലജയ്ക്ക് നൽകേണ്ട 50000/-രൂപ സമയബന്ധിതമായി നൽകി പ്രസ്തുത വിവരവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-31 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.500000/-രൂപ തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ ക്ഷീരവികസനം ലക്ഷ്യമിട്ട് കന്നുകുട്ടികളുടെ വളർച്ച പരിപോഷിപ്പിക്കുന്നതിനായി 2020- 21 വർഷത്തിൽ നടപ്പിലാക്കിയ പ്രോജക്ട് നമ്പർ-36/2020 (കന്നുകുട്ടി പരിപാലനം-ജനറൽ-250000/-, മറ്റുള്ളവ-250000/-) പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹണത്തിനായി 25-01-2021-ലെ ബിൽ നമ്പർ 3/2021 പ്രകാരം നിർവഹണോദ്യോഗസ്ഥനായ വെറ്റിനറി സർജൻ ആകെ 500000/-രൂപ Deputy Director S.L.B.P.തിരുവനന്തപുരം എന്ന പേരിൽ നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 37/2022 -ന് മറുപടിയോ വിനിയോഗസാക്ഷ്യപത്രമോ നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ പദ്ധതി പൂർത്തികരിക്കപ്പെട്ടിട്ടില്ലായെന്ന നിഗമനത്തിൽ ചെലവഴിച്ച 500000/- രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് റിപ്പോർട്ട് ലഭ്യമായി രണ്ട് മാസത്തിനകം പദ്ധതിയ്ക്കായി ചെലവഴിച്ച 500000/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-32 കുടിവെള്ള ഗാർഹിക കണക്ഷൻ (ജനറൽ).വരുമാനപരിധി ഉറപ്പ് വരുത്താതെ തുക നൽകി-5000/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | കുടിവെള്ള ഗാർഹിക കണക്ഷൻ -ജനറൽ |
| നിർവഹണം | വി.ഇ.ഓ. (അനുശ്രീ) |
| അടങ്കൽ തുക | 100000/-വികസനഫണ്ട് ജനറൽ 70000/-<br>സി.എഫ്.സി 30000/- |
| ചെലവ് തുക | 70000/-വികസനഫണ്ട് ജനറൽ |
| ബിൽ നമ്പർ | ബിൽനം-89, തിയതി-17-6-2020.(UTR-bill) |
| തടസ്സപ്പെടുത്തിയ തുക | 5000/- |

ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്നവരിൽ കുടിവെള്ള ക്ഷാമം ഏറെ നേരിടുന്നവർക്കും, വയോജനങ്ങൾക്കും, ഭിന്നശേഷിക്കാർ അംഗങ്ങളായ കുടുംബക്കാർ തുടങ്ങിയവർക്ക് മുൻഗണന നൽകി നടപ്പിക്കേണ്ട പദ്ധതിയാണ് കുടിവെള്ള ഗാർഹിക കണക്ഷൻ.സബ്സിഡി മാർഗ്ഗരേഖ (8.5)പ്രകാരം പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടുന്നവരുടെ വാർഷികവരുമാനം ജനറൽ വിഭാഗത്തിന് 100000/-രൂപയും പട്ടികജാതി,പട്ടികവർഗ വിഭാഗക്കാർക്ക് 200000/-ക്കും താഴെയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ 2020- 21വർഷത്തിൽ നടപ്പിലാക്കിയ പ്രോജക്ട് നമ്പർ-100/2020 (കുടിവെള്ള ഗാർഹിക കണക്ഷൻ) പ്രകാരം ആനുകൂല്യങ്ങൾ ലഭിച്ച ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിച്ചതിൽ പദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ച രാമചന്ദ്രൻ (വാർഡ് -15)എന്ന വ്യക്തിയുടെ 1103032991-ാം നമ്പർ കുടുംബ റേഷൻകാർഡ് പരിശോധിച്ചതിൽ ടിയാന്റെ ഭാര്യയായ ശോഭനകുമാരി സർക്കാർ ജീവനക്കാരിയാണെന്നും,2017-ൽ തന്നെ പ്രതിമാസ വരുമാനം 8000/- രൂപയെന്നും രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത കുടുംബത്തിന് ധനസഹായം അനുവദിച്ചതിനും, ധനസഹായത്തിനായി നിർവഹണോദ്യോഗസ്ഥനും വാർഡ് മെമ്പറും, മോണിറ്ററിംഗ് കമ്മിറ്റിയും ശുപാർശ ചെയ്യാനുണ്ടായ സാഹചര്യത്തെക്കുറിച്ചും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 18/2022-ന് നൽകിയ മറുപടിയിൽ ടിയാൾ കരാർ ജീവനക്കാരിയായതുകൊണ്ടാണ് തുക നൽകിയതെന്ന് വിശദീകരിച്ചത്.അപേക്ഷ ലഭിച്ചപ്പോൾ തന്നെ റേഷൻകാർഡിൽ സർക്കാർ ജീവനക്കാരിയെന്ന് വ്യക്തമായിട്ടും വരുമാന പരിധി 100000/-രൂപയ്ക്ക് താഴെയാണെന്ന് തെളിയിക്കുന്ന രേഖയില്ലാതെ തുക നൽകിയത് അംഗീകരിക്കാവുന്നതല്ല.പദ്ധതിയുടെ പ്രയോജനം ഗ്രാമപഞ്ചായത്ത് പരിധിയിലെ സാമ്പത്തികമായി ഏറ്റവും താഴെത്തട്ടിലുള്ളവർക്ക് ലഭ്യമാക്കുന്നതിന് പകരം സർക്കാർ ജീവനം മുഖ്യവരുമാനമായ കുടുംബത്തിന് നൽകിയ 5000/-രൂപ തടസ്സപ്പെടുത്തുന്നു.ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ട്

മാസത്തിനകം ധനസഹായം കൈപ്പറ്റിയ രാമചന്ദ്രൻ നായരിൽ നിന്നും ഈടാക്കി ജനറൽ ഫണ്ടിൽ അടവാക്കാത്തപക്ഷം അനർഹമായി നൽകിയ 5000/-രൂപ നിർവഹണദ്യോഗസ്ഥയുടെ ബാധ്യതയായി മാറുന്നതാണ്.

## 1-33 രേഖകളുടെ അഭാവത്തിലും ധനസഹായം അനുവദിച്ചു -നിർവഹണോദ്യോഗസ്ഥൻ ജാഗ്രത പുലർത്തേണ്ടതാണ്

2020- 21വർഷത്തിൽ നടപ്പിലാക്കിയ പ്രോജക്റ്റ് നമ്പർ-183/2020 (വീട് വാസയോഗ്യമാക്കൽ-എസ്.സി) പ്രകാരം വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനായി 100000/-രൂപ നൽകി നടപ്പിലാക്കിയ പദ്ധതിയിലെ ഗുണഭോക്താക്കൾ സമർപ്പിച്ച രേഖകകളും അപേക്ഷകളും പരിശോധിച്ചതിൽ സബ്സിഡി മാർഗ്ഗരേഖകൾ പ്രകാരമുള്ള രേഖകൾ സമർപ്പിക്കാത്ത ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ നൽകിയതായി കണ്ടെത്തി. അപ്രകാരം ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെയും അവർ സമർപ്പിക്കാത്ത രേഖകളുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്,വാർഡ് നം. | അപാകങ്ങൾ |
|---|---|---|
| 1 | നന്ദിനി- 10/782<br>ബിൽ നം. 4,11-4-2020-50000/-<br>ബിൽ നം. 111,26-8-2020-50000/- | 1.വീടിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ഇല്ല.<br>2.വീടിന്റെ കാലപഴക്കം സാക്ഷ്യപ്പെടുത്തുന്ന രേഖ ഇല്ല.<br>3.മുമ്പ് വീട് ലഭിച്ചിട്ടില്ലായെന്ന് പട്ടികജാതി വികസന ആഫീസറുടെ സാക്ഷ്യപത്രം ഇല്ല. |
| 2 | മാലിനി ലാൽ 18/527<br>ബിൽനം. 111,26-8-2020 50000/-<br>ബിൽ നം. 157,11-12-2019 , 50000/- | ധനസഹായം ലഭിച്ചതിന്റെ ഫലമായി നടത്തിയ പ്രവർത്തിയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ല. |
| 3 | പ്രീത 14/990<br>ബിൽ നം. 85,9-6-2020<br>ബിൽനം. 158,11-12-2019<br>50000/- | ധനസഹായം ലഭിച്ചതിന്റെ ഫലമായി നടത്തിയ പ്രവർത്തിയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ല. |
| 4 | ഷീല 12/262<br>ബിൽ നം. 111,26-8-2020-50000/-<br>ബിൽ നം. 226,30-1-2020. 50000/- | എസ്റ്റിമേറ്റ് ,വാല്യുവേഷൻ എന്നിവ ഇല്ല. |

| | | |
|---|---|---|
| 5 | ജലജ 18/470<br>Bill-23,11-4-2020-50000/-<br>Bill- | വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 6 | വിജയൻ .S. 20/454<br>Bill-111, 26-8-2020<br>50000/-<br>Bill-24,11-4-2020,50000/- | വീട് പിതാവായ സുന്ദരൻ എന്നയാളുടെ പേരിൽ. ടിയാന്റെ സമ്മതപത്രം,എസ്റ്റിമേറ്റ്,വാല്യുവേഷൻ എന്നിവയില്ല. സഞ്ചയയിലെ രേഖപ്പെടുത്തലിൽ വീട് ഓല മേഞ്ഞതെന്നും വിസ്തീർണം 15 M2 എന്നും രേഖപ്പെടുത്തിയിരിക്കുന്നു. |
| 7 | മേഹനൻ<br>Bill-85,9-6-2020.<br>50000/-<br>Bill-24,11-4-2020,50000/- | വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ല. |

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ അന്വേഷണകുറിപ്പ് 30/2022- ന് വ്യക്തമായ മറുപടി നിർവഹണേദ്യോഗസ്ഥ ലഭ്യമാക്കിയില്ല. സ.ഉ.(എം.എസ്.)നമ്പർ.80/2017/ത.സ്വഭ.വ, തിയതി 03-04-2017 ലെ സബ്സിഡി മാർഗ്ഗരേഖ 8.6 പ്രകാരം പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളുടെ വീടുകൾ വാസയോഗ്യമല്ലാത്തവയും, 8വർഷത്തിലധികം കാലപ്പഴക്കം ഉള്ളവയും, പണി പൂർത്തിയായി എൽ.എസ്.ജി.ഡി. എൻജിനിയറുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമെ അവസാനഗഡു നൽകാവൂവെന്നും, വീട് 60 $M^2$ വിസ്തീർണത്തിന് താഴെ ആയിരിക്കണമെന്നും വ്യവസ്ഥയുള്ളപ്പോൾ പട്ടികയിൽ വിവരിക്കുംപ്രകാരമുള്ള രേഖകളുടെ അഭാവത്തിലും ഗുണഭോക്താക്കൾക്ക് തുക കൈമാറി. പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശിക്കുന്ന രേഖകൾ ഹാജരാക്കുന്നവർക്ക് ധനസഹായം നൽകാൻ നിർവഹണേദ്യോഗസ്ഥൻ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-34 അഡ്വാൻസ് തുക തിരികെ ഈടാക്കാൻ നടപടി സ്ഥീകരിച്ചിട്ടില്ല.

2019-20, 2020-21 എന്നീ വർഷങ്ങളിലെഎ.എഫ്.എസ്-ലെ B-18-ൽ Festivel Advance ഇനത്തിൽ 18000/-രൂപ നിലനിൽക്കുന്നതിനെ തുടർന്ന് നൽകിയ അന്വേഷണകുറിപ്പ് 5/2022-ന് നൽകിയ മറുപടിയിൽ മേൽ തുക അശ്വതി (15000/-), ജ്യോതി(3000/-) എന്നീ ഉദ്യോഗസ്ഥർക്ക് 2016-ലെ ഓണം അഡ്വാൻസ് ആയി നൽകിയതാണെന്നും മേൽ തുകകൾ നാളിതവരെ തിരികെ ലഭ്യമായിട്ടില്ലായെന്നും അറിയിച്ചു. ഫയൽ പരിശോധനയിൽ അശ്വതി എന്ന ഉദ്യോഗസ്ഥ അഡ്വാൻസ് കൈപ്പറ്റിശേഷം മറ്റൊരു ഡിപ്പാർട്ട്മെന്റിലേയ്ക്ക് മാറിപ്പോകാൻ നൽകിയ അപേക്ഷയിൽമേൽ പഞ്ചയത്ത് ഡപ്യൂട്ടി ഡയറക്ടറുടെ 28-9-2016- ലെ E3-14052/16നമ്പർ ഉത്തരവ് പ്രകാരം ബാധ്യത ഇല്ലായെന്ന് ഉറപ്പ് വരുത്തിയശേഷം വിടുതൽ ചെയ്യാൻ അനുവദിച്ചുവെങ്കിൽ പ്രസ്തുത ഉത്തരവിന് വിരുദ്ധമായി കൈപ്പറ്റിയ അഡ്വാൻസ് തുക ഈടാക്കാതെ ഉദ്യോഗസ്ഥയെ ആഫീസിൽ നിന്നും വിടുതൽ ചെയ്തതായി കണ്ടെത്തി.കൂടാതെ അശ്വതിയെന്ന ഉദ്യോഗസ്ഥ ഓഡിറ്റ് വകുപ്പ് ബാധ്യതയായി കണ്ടെത്തുന്ന തുക അടവാക്കാൻ സമ്മതമാണെന്ന് ബോണ്ട് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ റവന്യു റിക്കവറി നടപടിഗ്രാമപഞ്ചായത്ത് സ്ഥീകരിച്ചിട്ടില്ല.പഞ്ചയത്ത് ഡപ്യൂട്ടി ഡയറക്ടറുടെ 28-9-2016- ലെ E3-14052/16നമ്പർ ഉത്തരവ് പ്രകാരം ബാധ്യത ഇല്ലായെന്ന് ഉറപ്പ് വരുത്തിയശേഷം വിടുതൽ ചെയ്യാൻ അനുവദിച്ചതിന് വിരുദ്ധമായി പ്രസ്തുത തുക ഈടാക്കാതെ ഉദ്യോഗസ്ഥരെ വിടുതൽ ചെയ്തിട്ടുണ്ടെങ്കിൽ വിടുതൽ ചെയ്ത്ത സെക്രട്ടറിയുടെ മേൽവിലാസം അന്വേഷണകുറിപ്പ് 5/2022 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും പ്രസ്തുത വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.2016-ൽ നൽകി പ്രസ്തുത തുക ഈടാക്കാൻ നടപടി സ്ഥീകരിക്കാത്തത് ഗ്രാമപഞ്ചായത്തിന്റെ വീഴ്ചയായി കാണുന്നു. ആയതിനാൽ മേൽ വിവരിച്ച തുക പിരിച്ചെടുക്കാൻ റവന്യു റിക്കവറി നടപടി സ്ഥീകരിക്കുകയോ, ഉത്തരവിന് വിരുദ്ധമായി അഡ്വാൻസ് തുകകൾ തിരിച്ച് അടവാക്കാത്ത ഉദ്യോഗസ്ഥരെ വിടുതൽ അനുവദിച്ച സെക്രറിയിൽ നിന്നും വകുപ്പ് തല നടപടിയിലൂടെ ഈടാക്കിയോ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തെരുവ് വിളക്ക ഉപകരണങ്ങൾ വാങ്ങൽ നടപടികളിലെ അപാകങ്ങൾ - 38050/- രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു, 72900/- രൂപയുടെ ചെലവു നിരാകരിക്കുന്നു.

തെരുവ് വിളക്ക ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി ഗ്രാമപഞ്ചായത്ത് 2019-20 ൽ ആവിഷ്കരിച്ച് 2020-21 ൽ സ്പിൽ ഓവർ അംഗീകാരം നേടി ചുവടെ ചേർക്കും പ്രകാരം 3 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രോ നം,പേര് | ചെലവു തുക | ഫണ്ടിനം | ബിൽനം., തീയതി | ഭരണാനുമതി നം., തീയതി | വാങ്ങി സ്ഥാപിക്കാനുദ്ദേശിച്ച ഉപകരണങ്ങൾ |
|---|---|---|---|---|---|---|
| 1 | 150/21 4,10 എന്നീ വാർഡുകളിലേക്ക് ഡബിൾ ട്യൂബ് സെറ്റ് വാങ്ങൽ | 198450 | ധനകാര്യ കമ്മിഷൻ അവാർഡ് | 28/13.11.20 | 1(1), 04.06.2019 | 36w ഡബിൾ ട്യൂബ് സെറ്റ് 81 എണ്ണം |
| 2 | 152/21 ഡബിൾ ട്യൂബ് സെറ്റ് വാങ്ങൽ (12,14,19) എന്നീ വാർഡുകൾ ഒഴികെ | 699050 | ധനകാര്യ കമ്മിഷൻ അവാർഡ് | 34/18.12.20-407944<br>34/14.03.21-291106 | 1(5), 26.08.2019 | 36w ഡബിൾ ട്യൂബ് സെറ്റ് 451 എണ്ണം |
| 3 | 151/21 6,8,13,15,16,17 എന്നീ വാർഡുകളിലേയ്ക്ക് എൽ.ഇ.ഡി. ലൈറ്റ് | 597179 | ധനകാര്യ കമ്മിഷൻ അവാർഡ് | 27/13.11.20 | 1(1), 04.06.2019 | 24w എൽ.ഇ.ഡി ലൈറ്റുകൾ 444 എണ്ണം |

പദ്ധതികൾ ആവിഷ്കരിച്ച നടപ്പാക്കിയതിലെ അപാകതകൾ ചുവടെ.

1) 150/21 4,10 എന്നീ വാർഡുകളിലേക്ക് ഡബിൾ ട്യൂബ് സെറ്റ് വാങ്ങൽ പദ്ധതിയിലെ അപാകങ്ങൾ

പദ്ധതി പ്രകാരമുള്ള വാങ്ങലിന് മാന്വൽ ടെണ്ടർ നടപടികളാണ് സ്വീകരിച്ചത്. പദ്ധതിക്കായി ലഭിച്ച ടെണ്ടറുകളിലെ അപാകതകൾ ചുവടെ. (ടെണ്ടർ തീയതി 14.11.2019)

| ടെണ്ടർ സമർപ്പിച്ച സ്ഥാപനം | ടെണ്ടറുകളിലെ അപാകതകൾ | ടെണ്ടർ നിരക്ക് (യൂണിറ്റിന് ) |
|---|---|---|
| റേഡിയന്റ് ഇലക്ട്രിക്കൽസ് | കരാറിൽ വ്യവസ്ഥകൾ രേഖപ്പെടുത്തിയിട്ടില്ല<br>ടെണ്ടർ ഫോറവില, ഇ.എം.ഡി. ഒടുക്കിയിട്ടില്ല<br>ഇലക്ട്രിക്കൽ ലൈസൻസ് ഇല്ല | 2530/- |
| എ വൺ ഏജൻസീസ് | കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തിയിട്ടില്ല. | 2450/- |
| ജി.എസ്. ബാലകൃഷ്ണൻ നായർ | ടെണ്ടർ ഫോറവില, ഇ.എം.ഡി. ഒടുക്കിയിട്ടില്ല<br>കരാറിൽ വ്യവസ്ഥകൾ രേഖപ്പെടുത്തിയിട്ടില്ല<br>ജി.എസ്.ടി. രജിസ്ട്രേഷൻ രേഖകൾ ഇല്ല | 2600/- |

| | | |
|---|---|---|
| | ഇലക്ട്രിക്കൽ ലൈസൻസ് ഇല്ല | |

അതായത് 3 ടെണ്ടറിൽ 2 എണ്ണം ടെണ്ടറിൽ പങ്കെടുക്കുന്നതിനു യോഗ്യമല്ലാത്തതാണ്. ലഭ്യമായ സിംഗിൾ ടെണ്ടറിനെ അടിസ്ഥാനമാക്കിയാണ് വാങ്ങൽ നടത്തിയിട്ടുള്ളത് എന്ന് വിലയിരുത്തുന്നു.

എ) ടെണ്ടർ രജിസ്റ്ററിൽ ആവശ്യമായ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടറുകൾ ലഭിച്ച തീയതി, സമയം, ഒടുക്കിയ ഇ.എം.ഡി., രസീത് നം., തീയതി, ടെണ്ടർ കൈപ്പറ്റിയ വ്യക്തി, ടെണ്ടർ ഓപ്പൺ ചെയ്ത തീയതി, സമയം, ടെണ്ടർ തുറന്ന സമയത്തെ ടെണ്ടറർമാരുടെ ഒപ്പ്, ടെണ്ടർ തുറന്നു പരിശോധിച്ച ഉദ്യോഗസ്ഥർ, ഭരണസമിതി അംഗങ്ങളുടെ പേരും ഒപ്പും എന്നിവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ബി) 36w ഡബിൾ ട്യൂബ് സെറ്റ് 81 എണ്ണം വാങ്ങി ഇൻസ്റ്റാൾ ചെയ്യുന്നതിനാണ് പദ്ധതി പ്രകാരം വിഭാവനം ചെയ്തിരുന്നത്. എ വൺ ഏജൻസീസ് ലഭ്യമാക്കിയ ഡബിൾ ട്യൂബ് സെറ്റിന്റെ സാമ്പിൾ പരിശോധിച്ചതിനുള്ള റിപ്പോർട്ട് 31.01.2020 ൽ ബാർട്ടൺ ഹിൽ ഗവ. എഞ്ചിനീയറിംഗ് കോളേജിൽ നിന്നും ലഭ്യമായിട്ടുണ്ട്. ലഭ്യമാക്കിയ ഡബിൾ ട്യൂബ് സെറ്റ് 80w ന്റേതാണെന്നാണ് ഇതിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ടെണ്ടർ സ്പെസിഫിക്കേഷനു വിരുദ്ധമായതും, വൈദ്യുത ഉപഭോഗം കൂടുതലുമായ ഉപകരണമാണ് ടിയാൾ ലഭ്യമാക്കിയിട്ടുള്ളത് എന്നു വ്യക്തമായിട്ടും വാങ്ങൽ നടപടികളിലേക്ക് മുന്നോട്ട് പോയി.

സി) എ വൺ ഏജൻസീസിനെ ടെണ്ടർ ഫീ, ഇ.എം.ഡി., സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയതായി അറിയിച്ച കൊണ്ടുള്ള തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ടിയാളെ പ്രസ്തുത തുകകൾ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട രേഖകളുടെ അസൽ പകർപ്പുകൾ ലഭ്യമാക്കിയിട്ടില്ല.

ഡി) ടെണ്ടർ രേഖകളിലെ അപാകതകൾ, ഉപകരണത്തിന്റെ ക്വാളിറ്റി ടെസ്റ്റ് റിപ്പോർട്ട് എന്നിവ യൊന്നും പരിഗണിക്കാതെ 14.02.2020 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി എവൺ ഏജൻസീസിന്റെ കരാർ അംഗീകരിക്കാവുന്നതാണെന്ന് ജനറൽ കമ്മിറ്റിക്ക് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ, 17.02.2020 ലെ ഭരണസമിതി തീരുമാനം നം. 5(1) ലൂടെ കരാറുകാരനെ അംഗീകരിച്ചു.

ഇ) 81 ഡബിൾ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി പ്രകാരം വിഭാവനം ചെയ്തിരുന്നത്. ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരം ചുവടെ ചേർക്കും പ്രകാരം 68 ട്യൂബ് ലൈറ്റുകൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്.

| ഇലക്ട്രിക്കൽ സെക്ഷൻ | സ്ഥാപിച്ച ഡബിൾ ട്യൂബ് ലൈറ്റുകളുടെ എണ്ണം |
|---|---|
| വിഴിഞ്ഞം | 55 |
| കോട്ടുകാൽ | 3 |
| ബാലരാമപുരം | 10 |

ഇതനുസരിച്ച് 68x2450 (ടെണ്ടർ നിരക്ക്) = 166600/- രൂപ മാത്രമാണ് എവൺ ഏജൻസീസിന് അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ 198450/- രൂപ ടി സ്ഥാപനത്തിന് അനുവദിച്ചു. അധികചെലവ് 31,850/- രൂപ.

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7/09.03.2022) റേഡിയന്റ് ഇലക്ട്രിക്കൽസ്, ജി.എസ്. ബാലകൃഷ്ണൻ നായർ എന്നിവരുടെ ടെണ്ടറുകൾ നിയമപ്രകാരമല്ലായെന്ന് ബോധ്യമായിരുന്നുവെന്നും, ആയതിനാൽ ക്വാളിറ്റി പരിശോധനയുടെയും, പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി അംഗീകാരം നൽകിയതിനാലാണ് എവൺ ഏജൻസിയെ തെരഞ്ഞെടുത്തത് എന്നും, എ വൺ ഏജൻസീസിനെ ടെണ്ടർ ഫീ, ഇ.എം.ഡി., സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയതിനുള്ള അസൽ രേഖകൾ ശേഖരിച്ച് ഓഡിറ്റിന് ലഭ്യമാക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കി. ട്യൂബ് ലൈറ്റുകൾ സ്ഥാപിച്ചതിന് കെ.എസ്.ഇ.ബി.യുടെ വിവിധ സെക്ഷനുകളിൽ നിന്നു ലഭ്യമായ വിനിയോഗ രേഖയിലെ അപാകത ബന്ധപ്പെട്ട സെക്ഷനുകളുമായി ബന്ധപ്പെട്ട് രേഖകൾ ലഭ്യമാക്കുന്നതാണെന്നു മറുപടി നൽകി. മറുപടി പൂർണ്ണമായും അംഗീകരിക്കുന്നില്ല. ലഭ്യമായ രണ്ടു ടെണ്ടറുകൾ സാധുതയില്ലാത്തതാണെന്ന് ബോധ്യമായപ്പോൾ സിംഗിൾ ടെണ്ടർ ലഭിച്ചതായി വിലയിരുത്തി അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിക്കണമായിരുന്നു. കൂടാതെ അസാധുവായ രേഖകൾ ലഭ്യമാക്കി ടെണ്ടർ ഫാറവിലയിലും, ഇ.എം.ഡി.യിലും ഇളവു നേടിയതിലൂടെ ഈയിനത്തിലെ ഗ്രാമപഞ്ചായത്തിന്റെ വരവും നഷ്ടമായി. രേഖകളുടെ അഭാവത്തിൽ വിനിയോഗരേഖകൾ ലഭ്യമാകാതെ അനുവദിച്ച 31850/- രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

2) 152/21 ഡബിൾ ട്യൂബ് സെറ്റ് വാങ്ങൽ (12,14,19) എന്നീ വാർഡുകൾ ഒഴികെ പദ്ധതിയിലെ അപാകങ്ങൾ

പദ്ധതി പ്രകാരമുള്ള വാങ്ങലിന് ഇടെണ്ടർ നടപടികളാണ് സ്വീകരിച്ചത്. പദ്ധതിക്കായി ലഭിച്ച ടെണ്ടറുകൾ സംബന്ധിച്ച വിശദാംശം ചുവടെ. (ടെണ്ടർ തീയതി 12.12.2019)

| ടെണ്ടർ ചെയ്ത സ്ഥാപനം | ടെണ്ടർ നിരക്ക് (യൂണിറ്റിന്) |
|---|---|
| സെഞ്ച്വറി ഇലക്ട്രോണിക്സ് &ഇലക്ട്രിക്കൽസ് | 1648 |
| ഉഷ ഇലക്ട്രോണിക്സ് | 2160 |
| എ വൺ ഏജൻസീസ് | 1550 |

ഒരേ ഇനം സാധനത്തിന് ക്രമ നം. 1 പ്രകാരമുള്ള പദ്ധതിക്ക് എ വൺ ഏജൻസീസ് ലഭ്യമാക്കിയ നിരക്ക് 2450/- രൂപയായിരുന്നു. മറ്റു അപാകതകൾ.

എ) 36w ഡബിൾ ട്യൂബ് സെറ്റ് 451 എണ്ണം വാങ്ങി ഇൻസ്റ്റാൾ ചെയ്യുന്നതിനാണ് പദ്ധതി പ്രകാരം വിഭാവനം ചെയ്തിരുന്നത്. എ വൺ ഏജൻസീസ് ലഭ്യമാക്കിയ ഡബിൾ ട്യൂബ് സെറ്റിന്റെ സാമ്പിൾ പരിശോധിച്ചതിനുള്ള റിപ്പോർട്ട് 10.03.2020 ൽ തിരുവനന്തപുരം ഗവ. എഞ്ചിനീയറിംഗ് കോളേജിൽ നിന്നും ലഭ്യമായിട്ടുണ്ട്. ലഭ്യമാക്കിയ ഡബിൾ ട്യൂബ് സെറ്റ് ഏകദേശം 80w ന്റേതാണെന്നാണ് ഇതിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ടെണ്ടർ സ്പെസിഫിക്കേഷന വിരുദ്ധമായതും, വൈദ്യുത ഉപഭോഗം കൂടുതലുമായ ഉപകരണമാണ് ടിയാൾ ലഭ്യമാക്കിയിട്ടുള്ളത് എന്നു വ്യക്തമായിട്ടും വാങ്ങൽ നടപടികളിലേക്ക് മുന്നോട്ട് പോയി.

ബി) എ വൺ ഏജൻസീസിനെ ടെണ്ടർ ഫീ, ഇ.എം.ഡി., സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയതായി അറിയിച്ചു കൊണ്ടുള്ള തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ടിയാളെ പ്രസ്തുത തുകകൾ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട രേഖകളുടെ അസൽ പകർപ്പുകൾ ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ ഫീയിൽ ഇളവു നേടിയിട്ടുള്ള മറ്റു ടെണ്ടറർമാരുടെയും, ഇളവിനാധാരമായ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ല.

സി) ഉപകരണത്തിന്റെ ക്വാളിറ്റി ടെസ്റ്റ് റിപ്പോർട്ട് പരിഗണിക്കാതെ 19.03.2020 ലെ പ്രൊക്യർമെന്റ് കമ്മിറ്റി എവൺ ഏജൻസീസിന്റെ കരാർ അംഗീകരിക്കാവുന്നതാണെന്ന് ജനറൽ കമ്മിറ്റിക്ക് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ, 20.03.2020 ലെ ഭരണസമിതി തീരുമാനം നം. 4(1) ലൂടെ കരാറുകാരനെ അംഗീകരിച്ചു.

ഇ) 451 ഡബിൾ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി പ്രകാരം വിഭാവനം ചെയ്തിരുന്നത്. ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരം ചുവടെ ചേർക്കും പ്രകാരം 447 ട്യൂബ് ലൈറ്റുകൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്

| ഇലക്ട്രിക്കൽ സെക്ഷൻ | സ്ഥാപിച്ച ഡബിൾ ട്യൂബ് ലൈറ്റുകളുടെ എണ്ണം |
|---|---|
| വിഴിഞ്ഞം | 233 |
| കോട്ടുകാൽ | 40 |
| ബാലരാമപുരം | 25 |
| കല്ലിയൂർ | 123 |
| തിരുവല്ലം | 26 |

ഇതനുസരിച്ച് 447x 1550 (ടെണ്ടർ നിരക്ക്) = 692850/- രൂപ മാത്രമാണ് എവൺ ഏജൻസീസിന് അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ 699050/- രൂപ ടി സ്ഥാപനത്തിന് അനുവദിച്ചു. അധികചെലവ് 6,200/- രൂപ.

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7/09.03.2022) ക്വാളിറ്റി പരിശോധനയുടെയും,

പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി അംഗീകാരം നൽകിയതിനാലാണ് എവൺ ഏജൻസിയെ തെരഞ്ഞെടുത്തത് എന്നും, എ വൺ ഏജൻസീസിനെ ടെണ്ടർ ഫീ, ഇ.എം.ഡി., സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയതിനുള്ള അസൽ രേഖകൾ ശേഖരിച്ച് ഓഡിറ്റിന് ലഭ്യമാക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കി. ട്യൂബ് ലൈറ്റുകൾ സ്ഥാപിച്ചതിന് കെ.എസ്.ഇ.ബി.യുടെ വിവിധ സെക്ഷനുകളിൽ നിന്നു ലഭ്യമായ വിനിയോഗ രേഖയിലെ അപാകത ബന്ധപ്പെട്ട സെക്ഷനുകളുമായി ബന്ധപ്പെട്ട് രേഖകൾ ലഭ്യമാക്കുന്നതാണെന്ന മറുപടി നൽകി. രേഖകളുടെ അഭാവത്തിൽ വിനിയോഗരേഖകൾ ലഭ്യമാകാതെ അനുവദിച്ച 6200/- രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

3) ഏക പദ്ധതിയായി വാങ്ങൽ നടത്താതെ വ്യത്യസ്ത പദ്ധതികളായി വാങ്ങൽ നടത്തി

സ.ഉ.(പി)നം.3/2013/എസ്.പി.ഡി. തീയതി 21.06.2013 സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 പ്രകാരം ഒരു വർഷത്തേക്ക് ആവശ്യമായ സാധന സാമഗ്രികളുടെ വിവരം മുൻകൂട്ടി തിട്ടപ്പെടുത്തിയ ശേഷമാണ് വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടത്. ആവശ്യമുള്ള സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയശേഷം മേൽ മൂന്നു വാങ്ങലുകൾക്കുമായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിനു പകരം വിവിധ പദ്ധതികളായി നടപ്പാക്കിയതിലൂടെ പദ്ധതിതുകയ്ക്ക് നഷ്ടമുണ്ടായതായിവിലയിരുത്തുന്നു.

പ്രോജക്റ്റ് നം. 150/21, 152/21 എന്നീ പദ്ധതികൾ പ്രകാരം 36w ഡബിൾ ട്യൂബ് സെറ്റ് എന്ന സാധനത്തിന് വേണ്ടി ഒരു മാസ കാലയളവിനുള്ളിൽ മാന്വൽ, ഇ ടെണ്ടർ രീതികളിൽ ക്ഷണിച്ച ടെണ്ടറുകൾക്ക് ഒരേ സ്ഥാപനം തന്നെ ഭീമമായ വ്യത്യാസമുള്ള രണ്ടു നിരക്കുകൾ യഥാക്രമം 2450/-, 1550/- ക്വാട്ട് ചെയ്തതു പരിഗണിക്കാതെയും മാന്വൽ ടെണ്ടറിനു ലഭ്യമായ ടെണ്ടറുകളിലെ അപാകതകൾ പരിഗണിക്കാതെയും പ്രൊക്യൂർമെന്റ് കമ്മിറ്റിയും ഭരണസമിതിയും അംഗീകാരം നൽകിയത് അംഗീകരിക്കുന്നില്ല. ഒരു സാമ്പത്തിക വർഷത്തേക്ക് ആവശ്യമുള്ള ഉപകരണങ്ങൾ മുൻകൂട്ടി കണക്കാക്കി വാങ്ങൽ നടത്തുന്നതിലും തദ്ദേശ സ്ഥാപനം ശ്രദ്ധ പുലർത്തിയില്ല. ഒരു സാമ്പത്തിക വർഷത്തേക്ക് ആവശ്യമായ മുഴവൻ ഉപകരണങ്ങളും തിട്ടപ്പെടുത്തി ഏക പദ്ധതിയായി, നടപ്പാക്കാത്തതിനാൽ ചുവടെ ചേർക്കും പ്രകാരം പ്രോജക്റ്റ് നം. 150/21 ന് 72,900/- രൂപയുടെ അധികചെലവുണ്ടായതായി വിലയിരുത്തുന്നു [81 എണ്ണം തന്നെ ലഭ്യമായിട്ടുണ്ട് എന്ന രീതിയിൽ കണക്കാക്കുന്നു].

| 2450/- രൂപ നിരക്കിൽ ചെലവു ചെയ്ത തുക | 1550/- രൂപ നിരക്കിലെ തുക | അധിക ചെലവ് |
|---|---|---|
| 81*2450 = 198450 | 81*1550 = 125550 | 72900 (198450-125550) |

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7/09.03.2022) ഡബിൾ ട്യൂബ് സെറ്റിന്റെയും, എൽ.ഇ.ഡി യുടെയും യൂണിറ്റ് കോസ്റ്റ് വ്യത്യസ്തമായതിനാൽ ബിൽ നൽകുമ്പോൾ പ്രയാസം ഉണ്ടാകുമെന്നതിനാലാണ് വ്യത്യസ്ത പദ്ധതികളായി നടപ്പാക്കിയത് എന്ന മറുപടി ലഭ്യമാക്കി. നേരിട്ടും, ഇടെണ്ടർ മുഖാന്തിരവുമുള്ള ടെണ്ടറുകളിലെ വില വ്യത്യാസമാണ് ഉണ്ടായത് എന്നും, പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയും, ഭരണസമിതിയുടെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ടെണ്ടറുകൾ അംഗീകരിച്ചത് എന്നും അറിയിക്കുകയുണ്ടായി. വാങ്ങൽ നടപടികളിലെ വീഴ്ചയിലൂടെ ഉണ്ടായ നഷ്ടം പദ്ധതി തുകയ്ക്കുണ്ടായ നഷ്ടമായി വിലയിരുത്തുന്നു. 72900/- രൂപയുടെ അധിക ചെലവ് നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.(എ.എഫ്.എസ് പ്രകാരം)

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (എ.എഫ്.എസ് പ്രകാരം)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2000000 | - | 2000000 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 1401175 | - | 3231400 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 0 | - | 562137 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 0 | - | 562800 |
| മുൻസിപ്പൽ കോർപ്പറേഷൻ | 2020-21 | 841401 | 841401 | 0 |

## 4-2 നിക്ഷേപ പ്രവൃർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | 6/21 വൈദ്യുതി ലൈൻ നീട്ടൽ | 316783 | 0 | 316783 |
| 2 | കെ.എസ്.ഇ.ബി | 7/21 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 32689 | 0 | 32689 |
| 3 | കെ.എസ്.ഇ.ബി | 201/21 വൈദ്യുത ലൈൻ നീട്ടൽ | 171827 | 0 | 171827 |
| 4 | കെ.എസ്.ഇ.ബി | 276/21 എസ്.സി. ഭവനസമുച്ചയത്തിന് ത്രീ ഫേസ് ഇലക്ട്രിസിറ്റി കണക്ഷൻ | 87296 | 0 | 87296 |
| | ആകെ | | 608595 | | 608595 |
| 5 | കെ.ഡബ്ല്യൂ.എ | 266/21 ചിറയിൽ സ്റ്റേഡിയത്തിലെ ഡ്രസ്സിംഗ് റൂം ടോയിലറ്റ് എന്നിവയ്ക്ക് വാട്ടർ കണക്ഷൻ | 45600 | 0 | 45600 |
| 6 | കെ.ഡബ്ല്യൂ.എ | 275/21 എസ്.സി. ഭവനസമുച്ചയത്തിന് വാട്ടർ കണക്ഷൻ ലഭ്യമാക്കൽ | 677300 | 0 | 677300 |
| | ആകെ | | 722900 | | 722900 |

*ക്രമ നം,4,6 പ്രവൃത്തികൾ 2021-22 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

| | 2019-20 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | 2020-21 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 12139745 | 608595 | 12748340 | 0 | 12748340 |
| കെ.ഡബ്ല്യൂ.എ | 14378042 | 722900 | 15100942 | 955000 | 14145942 |
| ഭൂജല വകുപ്പ് | 90000 | 0 | 90000 | 0 | 90000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പാ വായ്പാ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെഎ.എഫ്.എസ്.പ്രകാരം) | 13,00,05,673 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,21,41,516 |
| നീക്കിയിരിപ്പ് | 2,78,64,157 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 72,900 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 40,98,870 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 72900/- | ശ്രീ.അപ്സര കുമാർ.വി.കെ, സെക്രട്ടറി |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 50,000 | ഡോ. ജവഹർ, മെഡിക്കൽ ആഫീസർ |
| 1-21 | 9,455 | ശ്രീമതി രശ്മി.കെ.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-24 | 5,21,299 | ശ്രീ. അപ്സര കുമാർ.വി.കെ, സെക്രട്ടറി |
| 1-25 | 45,600 | ശ്രീ. അപ്സര കുമാർ.വി.കെ, സെക്രട്ടറി |
| 1-28 | 28,79,466 | ശ്രീ. അപ്സര കുമാർ.വി.കെ, സെക്രട്ടറി |
| 1-29 | 38,050 | ശ്രീ. അപ്സര കുമാർ.വി.കെ, സെക്രട്ടറി |

| | | |
|---|---|---|
| 1-30 | 50,000 | ശ്രീമതി അനശ്രീ, വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ |
| 1-31 | 5,00,000 | ഡോ. ആശാ വിജയൻ, വെറ്റിനറി സർജൻ |
| 1-32 | 5,000 | ശ്രീമതി അനശ്രീ, വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ |
| ആകെ | 40,98,870 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ജവഹർ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ | W.J.നിവാസ്, ലൂയിസ് കോമ്പൗണ്ട്, മങ്കാട്, തിരുമല, തിരുമല.പി.ഒ. |
| ശ്രീ. അപ്സര കുമാർ.വി.കെ, സെക്രട്ടറി. | സെക്രട്ടറി. | അപ്സരഭവൻ , കമുകിൻകോട്, കൊടങ്ങാവിള.പി.ഒ. |
| ശ്രീമതി രശ്മി.കെ.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | ടി.സി.36/1473-1.കൊത്തളം ജംഗ്ഷൻ,വള്ളക്കടവ്.പി.ഒ. |
| ഡോ. ആശാ വിജയൻ, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ | ചിറയിൽ വീട്, ചിറയിൽ,മുട്ടയ്ക്കാട് പി.ഒ. |
| ശ്രീമതി അനശ്രീ.വി, വി.ഇ.ഒ | വി.ഇ.ഒ | അനശ്രീ ഭവൻ.ടി.സി.55/416 കൈനമം, പാപ്പനംകോട് പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/1412/18 തി.08.06.18 | 1 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/1412/18, തീയതി 08.06.18 | 3 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/1412/18, തീയതി 08.06.18 | 3 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1412/18 തീയതി 08.06.18 | 5 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/1412/18, തീയതി 08.06.18 | 1 |

| | | |
|---|---|---|
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/1412/18, തീയതി 08.06.18 | 1 |
| 2010-11&<br>2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/170/2014 തീയതി 11.02.2014 | 15 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/1064/14 തീയതി 04.04.2014 | 20 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/673/2015 തീയതി 05.08.2015 | 17 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/379/2016 തീയതി 04.02.2016 | 39 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/2015/16 തീയതി 24.11.2016 | 19 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/317/18, തീയതി 13.03.2018 | 13 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/2399/18 തീയതി 02.08.2019 | 24 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/2399/18 തീയതി 02.08.2019 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

എസ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്